കേരള സർക്കാർ

# നവകേരളം കർമപദ്ധതി

## പ്രവർത്തന റിപ്പോർട്ട്

## 2025 ഫെബ്രുവരി

## ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 35 |
| വിദ്യാകിരണം | 37 |
| ആർദ്രം മിഷൻ | 43 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 54 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | ജനുവരി വരെ | ഫെബ്രുവരി | ആകെ |
|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 319 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 31,585 | 2,281 | 33,866 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 40,208 | 1,220 | 41,428 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3,805 | 61 | 3,866 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5,508 | 88 | 5,596 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 9,563 | 178 | 9,741 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 18,465 | 232 | 18,697 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 761 | 26 | 787 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 71,270 | 1,749 | 73,019 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (*ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | | | 664 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 342 | 5 | 347 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 217 | | 217 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 2742.23 | 268.47 | 3010.70 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3648 | 9 | 3657 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 1169.86 | 3.63 | 1173.49 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | 9 | | 9 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | 2,422 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | 1114 | 19 | 1133 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 72 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 66 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 410 |
| പ്രഖ്യാപനം നടത്തിയ ഹരിത ടൂറിസം കേന്ദ്രങ്ങൾ | | | 126 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | 57282 |
| ഹരിത പദവി കരസ്ഥമാക്കിയ സ്ഥാപനങ്ങൾ | | | 49402 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 152 |
| നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ സർവ്വേ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 8 |
| നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ സർവ്വേ നടക്കുന്ന സ്ഥാപനങ്ങൾ (Institutions) | | | 54 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2025 ഫെബ്രുവരി മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനം ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഏറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 152 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.

പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശിൽപ്പശാല / യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടറും തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. നെറ്റ് സീറോ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പ്ലാനിൽ ഉൾകൊള്ളിക്കുവാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

- ❖ കൊല്ലം ജില്ലയിൽ നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ ഫെബ്രുവരി മാസത്തിൽ സംഘാടക സമിതി യോഗം ചേർന്നു. മറ്റു ഗ്രാമപഞ്ചായത്തുകളിലും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ കൊല്ലം ജില്ലയിൽ കാർബൺ പുറന്തള്ളലിന്റെയും സംഭരണത്തിന്റെയും തോത് അളക്കാനും, അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തി പ്രസ്തുത സ്ഥാപനങ്ങളെ നെറ്റ് സീറോ പദവിയിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് അമൃത വിശ്വവിദ്യാപീഠം അമൃതപുരി,

IWDM-K ചടയമംഗലം, TKM ആർട്സ് & സയൻസ് കോളേജ് കരിക്കോട്, വനമ്യൂസിയം കുളത്തൂപ്പുഴ, FHC കരവാളൂർ എന്നീ 5 സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും സർവ്വേ പൂർത്തീകരിക്കുകയും ചെയ്തു.

- ❖ പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിൽ മൊബൈൽ ആപ്ലിക്കേഷൻ സർവ്വേയുടെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിൽ ഏകോപിപ്പിച്ചു.
- ❖ പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റലും മാക്ഫാസ്റ്റ് കോളേജിലും നെറ്റ് സീറോ സർവ്വേ ആരംഭിച്ചു.
- ❖ കോട്ടയം ജില്ലയിൽ രണ്ടാംഘട്ടത്തിൽ ക്യാമ്പയിനായി തിരഞ്ഞെടുത്ത 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ജില്ലാതല ശിൽപശാല ഫെബ്രുവരി മാസം നടത്തി. പനച്ചിക്കാട് പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതിൽ ചേർന്ന യോഗത്തിൽ 48 പേർ പങ്കെടുത്തു.
- ❖ എറണാകുളം ജില്ലയിൽ നെറ്റ് സീറോ കാർബൺ സർവ്വേയുമായി അനുബന്ധിച്ച് മുളവുകാട്, കടമക്കുടി, എളങ്കുന്നപ്പുഴ പഞ്ചായത്തുകളിൽ നടത്തുന്ന സർവ്വേയുടെ ട്രെയിനിങ് മുളവുകാട് കമ്മ്യൂണിറ്റി ഹാളിൽ നടന്നു.
- ❖ എറണാകുളം ജില്ലയിൽ ടിഎം ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, നിർമ്മല കോളേജ് മുവ്വാറ്റുപുഴ, മോർണിംഗ് സ്റ്റാർ കോളേജ്, ഫാമിലി ഹെൽത്ത് സെന്റർ രായമംഗലം എന്നീ സ്ഥാപനങ്ങളെ കാർബൺ ന്യൂട്രലാക്കി മാറ്റുന്നതിന്റെ ഭാഗമായുള്ള അവസ്ഥ പഠനത്തിന് തുടക്കം കുറിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ നെറ്റ് സീറോ സ്ഥാപനങ്ങളാക്കാൻ 4 കലാലയങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഫെബ്രുവരി മാസം കലാലയങ്ങൾ സന്ദർശിക്കുകയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ട് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി യോഗം ചേർന്നു. മാർച്ച് ആദ്യവാരത്തിൽ സർവേ പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.
- ❖ പാലക്കാട് ജില്ലയിൽ നെറ്റ് സീറോ സ്ഥാപനമാക്കാൻ ഭാരത്മാത ആർട്ട്സ് & സയൻസ് കോളേജ്, ജി.എൽ.പി.എസ്, അകത്തേത്തറ ഗ്രാമപഞ്ചായത്ത്, ക്ഷീരവ്യവസായ സംഘം എന്നീ 4 സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. 4 സ്ഥാപനങ്ങളിലും വർക്കിംഗ് ഗ്രൂപ്പ് യോഗം നടത്തി സർവ്വേ ആരംഭിച്ചു. മാർച്ച് 10 നകം 4 സ്ഥാപനങ്ങളിലും സർവ്വേ പൂർത്തിയാക്കുന്നതാണ്.
- ❖ മലപ്പുറം ജില്ലയിൽ സാഫി കോളേജ്, മൂത്തേടം FHC, വെട്ടം PHC, തേക്ക് മ്യൂസിയം എന്നീ 4 സ്ഥാപനങ്ങളെയാണ് നെറ്റ് സീറോ കാർബൺ പ്രഖ്യാപനത്തിന് വേണ്ടി തിരഞ്ഞെടുത്തിട്ടുള്ളത്. 4 സ്ഥാപനങ്ങളിലും സന്ദർശിക്കുകയും സർവ്വേ നടത്തുകയും ചെയ്തു.
- ❖ വയനാട് ജില്ലയിൽ നെറ്റ് സീറോ സ്ഥാപനങ്ങളാക്കാൻ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ എൻ.എ.എ.യു.പി സ്കൂൾ, അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ ജി എച്ച് എസ് എസ്, തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ അപ്പപ്പാറ ഡെപ്യൂട്ടി റേഞ്ച് ഓഫീസ് എന്നീ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തു. മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ എൻ എ എ യു പി സ്കൂളിൽ സർവ്വെ ആരംഭിക്കുകയും വർക്കിങ് ഗ്രൂപ്പ് യോഗം ചേരുകയും ചെയ്തു.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - ഫെബ്രുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 60 | 108 | 406 | 430 | 944 | 0 | 0 | 4 | 135 | 838 | 257 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 9 | 21 |

- ❖ കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് പഞ്ചായത്തിൽ 2025 ഫെബ്രുവരി മാസം 3 ഊർജ ക്ലാസുകളിലായി 88 പേരും പെരളശ്ശേരി പഞ്ചായത്തിൽ 4 ക്ലാസുകളിലായി 112 പേരും കാങ്കോൽ ആലപ്പടമ്പ പഞ്ചായത്തിൽ 1 ക്ലാസിൽ 61 പേരും പങ്കെടുത്തു.

❖ കാസർഗോഡ് ജില്ലയിൽ നെറ്റ് സീറോ സർവ്വെയുടെ ഭാഗമായി കാസർഗോഡ് ഗവ കോളേജ്, നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് പടന്നക്കാട്, കെ സി സി പി എൽ കരിന്തളം, എസി കെ എൻ എസ് ജി യു പി എസ് മേലാങ്കോട് എന്നീ സ്ഥാപനങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. 4 സ്ഥാപനങ്ങളും സന്ദർശിക്കുകയും വർക്കിങ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു. മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിച്ച് 4 സ്ഥാപനങ്ങളുടെ വിവരങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്.

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്. സർക്കാരിന്റെ പ്രകടന പത്രികയിൽ 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

**ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി**
**(2021 ഏപ്രിൽ മുതൽ 2025 ഫെബ്രുവരി മാസം വരെ)**

| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമ്മിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 6684.03 | 612 | 534 | 1020 | 3441 | 104 | 16569 |
| കൊല്ലം | 4630.08 | 206 | 473 | 717 | 3536 | 8 | 15708 |
| പത്തനംതിട്ട | 1753.36 | 193 | 207 | 586 | 937 | 29 | 4297 |
| ആലപ്പുഴ | 1851.93 | 80 | 47 | 211 | 335 | 18 | 2607 |
| കോട്ടയം | 1487.93 | 61 | 257 | 453 | 604 | 18 | 1928 |
| ഇടുക്കി | 1820.48 | 222 | 280 | 289 | 322 | 63 | 1526 |
| എറണാകുളം | 2985.94 | 179 | 296 | 843 | 523 | 22 | 0 |
| തൃശ്ശൂർ | 1991.94 | 149 | 146 | 420 | 1057 | 12 | 45 |
| പാലക്കാട് | 7717.38 | 764 | 912 | 671 | 1609 | 26 | 13513 |
| മലപ്പുറം | 1627.80 | 390 | 494 | 245 | 1951 | 161 | 1114 |
| കോഴിക്കോട് | 2062.75 | 207 | 187 | 415 | 1039 | 45 | 299 |
| വയനാട് | 1988.82 | 86 | 761 | 131 | 369 | 94 | 1836 |
| കണ്ണൂർ | 3018.33 | 558 | 546 | 2850 | 1589 | 113 | 10926 |
| കാസർഗോഡ് | 1807.66 | 159 | 456 | 890 | 1385 | 74 | 2651 |
| ആകെ | 41428.43 | 3866 | 5596 | 9741 | 18697 | 787 | 73019 |

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2025 ഫെബ്രുവരി മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 41428.43 കിലോമീറ്റർ നീർച്ചാലുകളും 3,866 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 87,164.43 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5,596 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 787 സ്ഥിരം തടയണകളും 73,019 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9,741 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും, 18,697 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3,536 എണ്ണം), തിരുവനന്തപുരം (3,441 എണ്ണം) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത്

കണ്ണൂർ ജില്ലയിലാണ് (2,850). പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

ജനുവരി മാസത്തിൽ സംസ്ഥാനത്ത് ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 1,220.69 കിലോമീറ്റർ നീർച്ചാലുകളും 61 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 88 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫെബ്രുവരി മാസത്തിൽ 178 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 232 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി റിപ്പോർട്ട് മാസത്തിൽ 26 സ്ഥിരം തടയണകളും 1,749 താൽക്കാലിക തടയണകളും നിർമ്മിച്ചു.

❖ പത്തനംതിട്ട ജില്ലയിൽ 50.15 കി.മീ വിസ്തൃതിയിൽ 68 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്, ഇതോടൊപ്പം 1 കുളം, 6 കിണറുകൾ, 39 താൽക്കാലിക തടയണകൾ എന്നിവ നിർമ്മിച്ചു. തൻ മാസം 2 കിണറുകൾ റീചാർജ്ജ് ചെയ്തു.
❖ ആലപ്പുഴ ജില്ലയിൽ 12 ഗ്രാമപഞ്ചായത്തുകളിലും ചെങ്ങന്നൂർ നഗരസഭയിലുമായി 98.002 കി.മി നീളത്തിൽ 112 നീർച്ചാലുകൾ പുനരുജീവിപ്പിച്ചു. കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ 1 കുളം പുനരുജീവിപ്പിച്ചു. ചുനക്കര, മാവേലിക്കര താമരക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ 2 കിണറുകളുടെ റീചാർജിങ് നടന്നു. വെൺമണി, പാലമേൽ, മാവേലിക്കര താമരക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പുതിയ 8 കിണറുകൾ നിർമ്മിച്ചു. വെൺമണി, ചുനക്കര, മാവേലിക്കര താമരക്കുളം, വള്ളികുന്നം എന്നി ഗ്രാമപഞ്ചായത്തുകളിൽ 128 താൽക്കാലിക തടയണകൾ നിർമ്മിച്ചു.
❖ തൃശ്ശൂർ ജില്ലയിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പെങ്ങാമുക്ക് പാറക്കുഴി പടവു കനാൽ, സ്രായിൽ കൊണ്ടട കടവ് എന്നീ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചു.
❖ കാസർഗോഡ് ജില്ലയിൽ ഫെബ്രുവരി മാസം 6.885 കി.മീ നീളത്തിൽ 27 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 7 കുളങ്ങൾ നിർമ്മിച്ചു. 21 കിണറുകൾ റീചാർജ്ജ് ചെയ്തു. 8 പുതിയ കിണറുകളും 1 സ്ഥിരം തടയണയും നിർമ്മിച്ചിട്ടുണ്ട്.

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരുന്നു. എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപ്പെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ 2023-ൽ ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത് കൂടാതെ രണ്ടാം ഘട്ടത്തിൽ 253 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. ആകെ 347 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2025 ഫെബ്രുവരി മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഫെബ്രുവരി മാസം സംസ്ഥാനത്താകെ അഞ്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പ്രസിദ്ധീകരിച്ചു. ഫെബ്രുവരി മാസം റിപ്പോർട്ട് പ്രകാശനം കാസർഗോഡ് ജില്ലയിലെ കാസർഗോഡ് മുൻസിപ്പാലിറ്റി, കുമ്പള, എൻമകജെ എന്നീ ഗ്രാമപഞ്ചായത്തുകളിലും, കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലും, പത്തനംതിട്ട ജില്ലയിലെ നാറണംമൂഴി ഗ്രാമപഞ്ചായത്തിലും നടന്നു. കണ്ണൂർ ജില്ലയിലെ നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടി ജലബജറ്റ് പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ ജലബജറ്റ് പ്രവർത്തനങ്ങൾ വിവിധ ജില്ലകളിലായി 317 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 664 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാകും. കേരളത്തിലെ 64% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് ആകും എന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

| ജല ബജറ്റ് | | |
|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | റിപ്പോർട്ട് അവതരണം പൂർത്തിയായത് |
| തിരുവനന്തപുരം | 73 | 9 |
| കൊല്ലം | 52 | 32 |
| പത്തനംതിട്ട | 17 | 13 |
| ആലപ്പുഴ | 16 | 8 |
| കോട്ടയം | 71 | 9 |
| ഇടുക്കി | 29 | 13 |
| എറണാകുളം | 37 | 15 |
| തൃശ്ശൂർ | 35 | 18 |
| പാലക്കാട് | 49 | 30 |
| മലപ്പുറം | 94 | 16 |
| കോഴിക്കോട് | 77 | 73 |
| വയനാട് | 26 | 26 |
| കണ്ണൂർ | 47 | 44 |
| കാസർഗോഡ് | 41 | 41 |
| ആകെ | 664 | 347 |

നിലവിൽ ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രതിനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

- കൊല്ലം ജില്ലയിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ 8 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പിന് അനുമതിക്കായി അയച്ചിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ നാറണംമൂഴി ഗ്രാമപഞ്ചായത്തിലെ ജലബജറ്റ് പ്രകാശനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- കോട്ടയം ജില്ലയിൽ ഉഴവൂർ ഗ്രാമപഞ്ചാത്തിൽ ഡാറ്റാ കളക്ഷൻ നടത്തി. വൈക്കം, കടുത്തുരുത്തി, ളാലം, പള്ളം എന്നീബ്ലോക്കുകളിൽ ഡാറ്റാ കളക്ഷൻ പൂർത്തീകരിക്കാനുണ്ട്. വാഴൂർ ബ്ലോക്കിന്റെ കരട് റിപ്പോർട്ട് പൂർത്തീകരിച്ചു.
- ഇടുക്കി ജില്ലയിൽ മണക്കാട്, കുമിളി, ഉടുമ്പന്നൂർ, ശാന്തൻപാറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിവരശേഖരണം നടന്നു വരുന്നു.
- പാലക്കാട് ജില്ലയിൽ ക്രിട്ടിക്കൽ സോണിലുള്ള മലമ്പുഴ ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളുടെയും നെന്മാറ ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.
- പാലക്കാട് ജില്ലയിൽ പട്ടാമ്പി ബ്ലോക്കിലെ ജലബജറ്റ് മാർച്ച് 22 നു പ്രകാശനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടൊപ്പം ജലബജറ്റ് അവതരിപ്പിച്ച 30 ഗ്രാമപഞ്ചായത്തുകളിലും ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും പൂർത്തീകരിക്കുന്നതിനു വേണ്ട ഇടപെടൽ നടന്നു വരുന്നു.
- കോഴിക്കോട് ജില്ലയിൽ വടകര നഗരസഭയിൽ ജലബജറ്റ് പ്രവർത്തനങ്ങളുടെ തുടർച്ചയായി, വടകരയിലെ ചരിത്ര പ്രാധാന്യമുള്ള ജൂബിലി കുളം നിലവിൽ മാലിന്യങ്ങൾ നിറഞ്ഞ്

നാശാവസ്ഥയിൽ ആയിരുന്നു. നഗരസഭാ ഫണ്ട് ഉപയോഗിച്ച് സംരക്ഷിച്ച് പുനരുദ്ധരിച്ച കുളത്തിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവ്വഹിച്ചു.

- ❖ കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി ബ്ലോക്ക് ജലബജറ്റ് റിപ്പോർട്ട് ബാലുശ്ശേരി എം.എൽ.എ അഡ്വ.കെ.എം.സച്ചിൻദേവ് പ്രകാശനം ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ ഫെബ്രുവരി മാസം കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് ജലബജറ്റ് പ്രകാശനം നടന്നു. പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ കാസർഗോഡ് മുൻസിപ്പാലിറ്റി, കുമ്പള, എൻമകജെ എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് റിപ്പോർട്ട് പ്രകാശനം നടന്നത്. ജില്ലയിൽ 38 ഗ്രാമപഞ്ചയാത്തിലും 3 നഗരസഭകളിലും 6 ബ്ലോക്കുകളിലും, ജില്ലാ പഞ്ചായത്ത്തലത്തിലും ജലബജറ്റ് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. ജില്ലയിൽ റിപ്പോർട്ട് പ്രകാശനം പൂർത്തിയായി.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ - ഫെബ്രുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 3 | 18 | 26 | 12 | 56 | 0 | 0 | 0 | 0 | 617 | 67 |

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ (RKI) സഹായത്തോടെയുള്ള ഈ ശാസ്ത്രീയ മാപിംഗ് പദ്ധതി 8 ജില്ലകളിൽ പൂർത്തീകരിക്കുകയും ഇടുക്കി ജില്ലയിൽ പുരോഗമിക്കുകയുമാണ്.

| ജില്ലകൾ | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് ജനുവരി മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 0 | 385.086 |
| പത്തനംതിട്ട | 16 | 16 | 16 | 16 | 7 | 16 | 112.73 |
| കോട്ടയം | 32 | 32 | 32 | 32 | 32 | 0 | 68.9 |
| ഇടുക്കി | 49 | 36 | 36 | 26 | 0 | 0 | 0 |
| എറണാകുളം | 17 | 17 | 17 | 17 | 17 | 19.25 | 585.62 |
| പാലക്കാട് | 51 | 51 | 51 | 51 | 41 | 182.62 | 1554.813 |
| കോഴിക്കോട് | 14 | 14 | 14 | 14 | 14 | 31.8 | 35.45 |
| വയനാട് | 26 | 26 | 26 | 26 | 22 | 7.6 | 85 |
| കണ്ണൂർ | 18 | 18 | 18 | 18 | 18 | 11.2 | 183.1 |
| ആകെ | 230 | 217 | 217 | 207 | 158 | 268.47 | 3010.70 |

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ

വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 217 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത്.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 158 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 158 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 114 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി ഫെബ്രുവരി മാസത്തിൽ 268.47 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 145 ഗ്രാമപഞ്ചായത്തുകളിലായി 3010.70 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

- ❖ പാലക്കാട് (182.62 കി.മീ), കോഴിക്കോട് (31.8 കി.മീ), എറണാകുളം (19.25 കി.മീ), പത്തനംതിട്ട (16 കി.മീ), കണ്ണൂർ (11.2 കി.മീ), വയനാട് (7.6 കി.മീ) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം ഫെബ്രുവരി മാസത്തിൽ നടന്നത്.
- ❖ കൊല്ലം ജില്ലയിൽ ഏരൂർ, തെന്മല, അലയമൺ എന്നീ ഗ്രാമപഞ്ചായത്തുകളിലെ മാപ് ചെയ്ത മുഴുവൻ നീർച്ചാലുകളുടെയും വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു.
- ❖ ഇടുക്കി ജില്ലയിൽ കട്ടപ്പന ബ്ലോക്കിലെ വണ്ടന്മേട്, ചക്കുപള്ളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ പാലക്കാട് ജില്ലയിൽ മാപത്തോൺ രണ്ടാം ഘട്ടം പ്രവർത്തനങ്ങളുടെ പഞ്ചായത്ത്തല അവതരണം 41 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചു. ജില്ലയിൽ റിപ്പോർട്ട് മാസം 41 ഗ്രാമപഞ്ചായത്തുകളിലായി 182.62 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

| മാപ്പത്തോൺ - ഫെബ്രുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 0 | 0 | 0 | 0 | 0 | 0 | 0 | 1 | 15 | 455 | 88 |

## 5. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപം കൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചു നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവ് മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ

സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു.

- ❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 354 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.
- ❖ സംസ്ഥാനത്തെ 354 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റടുത്ത 54473 നീരുറവ് പ്രവർത്തനങ്ങളിൽ 50115 പ്രവർത്തനങ്ങൾ (92%) പൂർത്തീകരിച്ചു.
- ❖ തിരുവനന്തപുരം ജില്ലയിൽ 155.35 കി.മീ നീർച്ചാലും, 8 കുളവും പുനരുജ്ജീവിപ്പിച്ചു, 76 കിണറുകൾ റീചാർജ് ചെയ്തു. ഇതോടൊപ്പം 23 കുളങ്ങൾ, 96 കിണറുകൾ, 458 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തു.
- ❖ കൊല്ലം ജില്ലയിൽ നീരുറവ് ഡി.പി.ആറിൽ ഉൾപ്പെട്ട 22785 പ്രവൃത്തികൾ ഫെബ്രുവരി മാസം വരെ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 1252 പ്രവൃത്തികളാണ് ഫെബ്രുവരി മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്.
- ❖ പത്തനംതിട്ട ജില്ലയിൽ 19 കി.മീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. ഫെബ്രുവരി മാസത്തിൽ 2 കിണർ, 10 താൽക്കാലിക തടയണകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്.

| നീരുറവ് പ്രവർത്തന പുരോഗതി - ഫെബ്രുവരി മാസം | | | | |
|---|---|---|---|---|
| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | % |
| തിരുവനന്തപുരം | 8 | 2702 | 2040 | 75.50% |
| കൊല്ലം | 12 | 22785 | 22785 | 100.00% |
| പത്തനംതിട്ട | 47 | 1867 | 867 | 46.44% |
| ആലപ്പുഴ | 8 | 563 | 293 | 52.04% |
| കോട്ടയം | 36 | 5788 | 5788 | 100.00% |
| ഇടുക്കി | 47 | 1342 | 1272 | 94.78% |
| എറണാകുളം | 34 | 3447 | 2489 | 72.21% |
| തൃശ്ശൂർ | 8 | 124 | 117 | 94.35% |
| പാലക്കാട് | 69 | 9719 | 9719 | 100.00% |
| മലപ്പുറം | 7 | 554 | 554 | 100.00% |
| കോഴിക്കോട് | 24 | 1955 | 606 | 31.00% |
| വയനാട് | 26 | 688 | 686 | 99.71% |
| കണ്ണൂർ | 23 | 2389 | 2389 | 100.00% |
| കാസർഗോഡ് | 5 | 550 | 510 | 92.73% |
| ആകെ | 354 | 54473 | 50115 | 92.00% |

- ❖ കോട്ടയം ജില്ലയിൽ 36 ഗ്രാമപഞ്ചായത്തുകളിൽ നീരുറവ് ഡി.പി.ആറിൽ ഉൾപ്പെട്ട 5788 പ്രവൃത്തികൾ ഫെബ്രുവരി മാസം വരെ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 856 പ്രവൃത്തികളാണ് ഫെബ്രുവരി മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്.
- ❖ ഇടുക്കി ജില്ലയിൽ നീരുറവ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട 87 പ്രവർത്തനങ്ങൾ ഈ മാസം പൂർത്തീകരിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ 86.03 കി.മീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു 11 കിണറുകളുടെ റീചാർജ്ജിങ് ചെയ്തു, ഇതോടൊപ്പം 6 കുളങ്ങളും, 17 കിണറുകളും നിർമ്മിച്ചു.
- ❖ പാലക്കാട് ജില്ലയിൽ 285.53 കി.മി നീർച്ചാലും, 14 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു, ഇതോടൊപ്പം 12 കുളങ്ങൾ, 51 കിണറുകൾ നിർമ്മിക്കുകയും ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ 153.85 കിമീ നീർച്ചാലും, 10 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. ഇതോടൊപ്പം 4 കുളങ്ങൾ, 15 കിണറുകൾ, 21 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും, 16 കിണറുകൾ

റീച്ചാർജ്ജ് ചെയ്യുകയും ചെയ്തു.

- ❖ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ബ്ലോക്കിൽ നീരുറവ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഉദുമ ഗ്രാമപഞ്ചായത്തിൽ 2 കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. മടിക്കൈയിൽ 1 കിണർ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. പള്ളിക്കരയിൽ 1.2 കി.മീ നീളത്തിൽ 2 നീർച്ചാലുകളും 1 കുളം നിർമ്മാണവും നടന്നിട്ടുണ്ട്. പുല്ലൂർ പെരിയയിൽ 0.2 കി.മീ നിളത്തിൽ 1 നീർച്ചാലും 2 കിണറുകളുടെ റീചാർജ്ജിംഗും നടന്നിട്ടുണ്ട്. കാഞ്ഞങ്ങാട് ബ്ലോക്കിൽ ആകെ 9 നീരുറവ് പ്രവർത്തനങ്ങളാണ് ഫെബ്രുവരി മാസം നടന്നത്.

| നീരുറവ് - ഫെബ്രുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 9 | 98 | 92 | 103 | 293 | 1 | 100 | 0 | 0 | 116 | 46 |

## 6. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

| ജലഗുണനിലവാര നിർണ്ണയ ലാബ് | | | | |
|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | |
| | | ജനുവരി വരെ | ഫെബ്രുവരി | ആകെ |
| തിരുവനന്തപുരം | 13 | 1592 | 3 | 1,595 |
| കൊല്ലം | 11 | 1259 | 11 | 1,270 |
| പത്തനംതിട്ട | 21 | 124 | 12 | 136 |
| ആലപ്പുഴ | 28 | 911 | 8 | 919 |
| കോട്ടയം | 31 | 1209 | 511 | 1,720 |
| ഇടുക്കി | 35 | 2519 | 139 | 2,658 |
| എറണാകുളം | 54 | 406 | 614 | 1,020 |
| തൃശ്ശൂർ | 54 | 18327 | 673 | 19,000 |
| പാലക്കാട് | 10 | 221 | 48 | 269 |
| മലപ്പുറം | | | | |
| കോഴിക്കോട് | 29 | 2,101 | 5 | 2,106 |
| വയനാട് | | | | |
| കണ്ണൂർ | 21 | 1821 | 237 | 2,058 |
| കാസർഗോഡ് | 12 | 1095 | 20 | 1,115 |
| ആകെ | 319 | 31585 | 2,281 | 33,866 |

ജല ഗുണനിലവാര നിർണ്ണയ ലാബുകൾ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്. ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നാണ് ബാക്കിയുള്ള ലാബുകൾ സ്ഥാപിക്കുന്നത്. സംസ്ഥാനത്തു 319 ലാബുകൾ ഇതിനകം

സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 128 ലാബുകൾ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയും 191 ലാബുകൾ ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നുമാണ് സ്ഥാപിച്ചിട്ടുള്ളത്. വിവിധ ലാബുകളിലായി 33,866 ജലസാമ്പിളുകൾ ഇതുവരെ പരിശോധിച്ചു. 215 ലാബുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. ലാബുകൾ സ്ഥാപിച്ച 292 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ ജില്ലാപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 10 ലാബുകൾ സ്ഥാപിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 15 ലക്ഷം രൂപ പ്രോജക്റ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം പുരോഗമിക്കുന്നു.
- ❖ എറണാകുളം ജില്ലയിൽ ഫെബ്രുവരി മാസം 20 സ്കൂളുകളിൽ ജലഗുണത ലാബ് ഉദ്ഘാടനം നടത്തി. ജില്ലയിൽ ആകെ 54 സ്കൂളുകളിൽ ആണ് ജല ഗുണത ലാബ് സ്ഥാപിച്ചിട്ടുള്ളത്, ഇതിൽ 42 സ്കൂൾളുകളിലെ ലാബുകൾ ആണ് നിലവിൽ പ്രവർത്തന സജ്ജമായത്.

## 7. പച്ചത്തുരുത്തുകൾ

- ❖ 2019 ജൂൺ മുതൽ 2025 ഫെബ്രുവരി വരെയുള്ള 6 വർഷ കാലയളവിൽ സംസ്ഥാനത്ത് 1173.49 ഏക്കർ ആകെ വിസ്തൃതിയിൽ 3657 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (315.86 ഏക്കർ ആകെ വിസ്തൃതിയിൽ 235 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (244.80 ഏക്കർ ആകെ വിസ്തൃതിയിൽ 824 പച്ചതുരുത്തുകൾ).

| പച്ചത്തുരുത്ത് | | | |
|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | ജനുവരി വരെ | ഫെബ്രുവരി | ആകെ |
| എണ്ണം | 3648 | 9 | 3657 |
| വിസ്തൃതി (ഏക്കർ) | 1169.86 | 3.63 | 1173.49 |

- ❖ 2025 ഫെബ്രുവരി മാസത്തിൽ മാത്രം സംസ്ഥാനത്തു 3.63 ഏക്കർ ആകെ വിസ്തൃതിയിൽ 9 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| ജില്ല | 2019 ജൂൺ മാസം മുതൽ 2024 ജനുവരി വരെ | | 2025 ഫെബ്രുവരി മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2025 ഫെബ്രുവരി വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 511 | 64.02 | 0 | 0 | 511 | 64.02 |
| കൊല്ലം | 286 | 76.11 | 0 | 0 | 286 | 76.11 |
| പത്തനംതിട്ട | 189 | 34.66 | 1 | 0.05 | 190 | 34.71 |
| ആലപ്പുഴ | 101 | 22.45 | 1 | 0.2 | 102 | 22.65 |
| കോട്ടയം | 276 | 32.87 | 0 | 0 | 276 | 32.87 |
| ഇടുക്കി | 85 | 36.04 | 1 | 1.38 | 86 | 37.42 |
| എറണാകുളം | 151 | 21.35 | 0 | 0 | 151 | 21.35 |
| തൃശ്ശൂർ | 212 | 44.92 | 1 | 0.05 | 213 | 44.97 |
| പാലക്കാട് | 338 | 127.45 | 0 | 0 | 338 | 127.45 |
| മലപ്പുറം | 149 | 75.89 | 0 | 0 | 149 | 75.89 |
| കോഴിക്കോട് | 225 | 52.02 | 0 | 0 | 225 | 52.02 |
| വയനാട് | 71 | 23.36 | 0 | 0 | 71 | 23.36 |
| കണ്ണൂർ | 234 | 315.36 | 1 | 0.5 | 235 | 315.86 |
| കാസർഗോഡ് | 820 | 243.35 | 4 | 1.45 | 824 | 244.80 |
| ആകെ | 3648 | 1169.86 | 9 | 3.63 | 3657 | 1173.49 |

- ❖ ഫെബ്രുവരി മാസത്തിൽ എണ്ണത്തിലും വിസ്തൃതിയിലും ഏറ്റവും കൂടുതൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചത് കാസർഗോഡ് ജില്ലയാണ് (1.45 ഏക്കർ ആകെ വിസ്തൃതിയിൽ 4 പച്ചത്തുരുത്തുകൾ).

ഇത് കൂടാതെ ഇടുക്കി ജില്ലയിൽ 1.38 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, തൃശ്ശൂർ ജില്ലയിൽ 0.05 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, പത്തനംതിട്ട ജില്ലയിൽ 0.05 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, ആലപ്പുഴ ജില്ലയിൽ 0.2 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, കണ്ണൂർ ജില്ലയിൽ 0.5 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും ഫെബ്രുവരി മാസത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

- ❖ സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലകളിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഫെബ്രുവരി മാസത്തിൽ 51 പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുകയും 6 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിനായി 184 തൈകൾ ആവശ്യമായി വന്നു.
- ❖ കൊല്ലം ജില്ലയിൽ 2025-26 സാമ്പത്തിക വർഷത്തിൽ പച്ചത്തുരുത്തുകൾ ആരംഭിക്കുന്നതിനായി കരുനാഗപ്പള്ളി നഗരസഭയിൽ IRE-യുടെ ഉടമസ്ഥതയിലുള്ള 5 ഏക്കർ (മൈനിംഗ് പൂർത്തീകരിച്ച) ഭൂമി കണ്ടെത്തിയിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ എസ്.എൻ.ഐ.ടി കോളേജിൽ 5 സെന്റ് സ്ഥലത്തിൽ പച്ചത്തുരുത്ത് ആരംഭിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ആയുർവേദ ആശുപത്രിയുടെ "കാവ് പച്ചത്തുരുത്ത്" സന്ദർശിച്ചു. 4 സെന്റിലായി 17 തൈകൾ നിലവിലുണ്ട്. പുതിയതായി 30 തൈകൾകൂടി നട്ടിട്ടുണ്ട്.
- ❖ ആലപ്പുഴ ജില്ലയിൽ പുന്നപ്ര സെന്റ് ഗ്രിഗോറിയസ് പള്ളി അങ്കണത്തിൽ സ്ഥാപിക്കുന്ന രണ്ടാംഘട്ട പച്ചത്തുരുത്ത് അമ്പലപ്പുഴ MLA എച്ച്.സലാം ഉദ്ഘാടനം ചെയ്തു. സെന്റ് ഗ്രിഗോറിയസ് പള്ളിയുടെ സ്ഥലത്താണ് പച്ചത്തുരുത്ത് സ്ഥാപിക്കുന്നത്.
- ❖ എറണാകുളം ജില്ലയിൽ ഗവൺമെന്റ് ഗേൾസ് യുപി സ്കൂൾ, എസ് ആർ വി സ്കൂൾ, കൊച്ചി കോർപറേഷൻ കതൃക്കടവ് കൊട്ടക്കനാൽ റോഡിൽ സ്ഥാപിച്ചിട്ടുള്ള പച്ചത്തുരുത്ത് എന്നിവയിൽ പുനർസന്ദർശനം നടത്തി പച്ചത്തുരുത്തുകൾ എല്ലാം നന്നായി പരിപാലിച്ച് വരുന്നുണ്ട്.
- ❖ തൃശ്ശൂർ ജില്ലയിൽ റിപ്പോർട്ട് മാസം വടക്കാഞ്ചേരി നഗരസഭയിൽ ഉൾപ്പെടുന്ന കുറ്റിയങ്കാവ് ക്ഷേത്ര പരിസരത്ത് 5 സെന്റ് വിസ്തൃതിയിൽ പച്ചത്തുരുത്ത് ആരംഭിച്ചു.
- ❖ പാലക്കാട് ജില്ലയിൽ പുനസന്ദർശനം നടത്തിയ 8 പച്ചത്തുരുത്തുക്കളിൽ 252.5 സെന്റിൽ ഏകദേശം 814 വൃക്ഷതൈകൾ നിലവിലുണ്ട്. നിലവിൽ സന്ദർശിച്ച 5 പച്ചത്തുരുത്തുകൾക്കും ജൈവവേലി സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ സന്ദർശിച്ച 7 പച്ചത്തുരുത്തുകൾക്കും സംഘാടകസമിതി രൂപീകരിച്ചിട്ടുണ്ട്.
- ❖ പാലക്കാട് ജില്ലയിൽ ഗവൺമെന്റ് വികടോറിയ കോളേജിലെ 3 NSS യൂണിറ്റുകൾ ശേഖരിച്ച 1000 കരിമ്പന വിത്തുകൾ NSS വിദ്യാർത്ഥികൾ ജില്ലാ പഞ്ചായത്തിനു കൈമാറി.
- ❖ കാസർഗോഡ് ജില്ലയിലെ ഏറ്റവും മികച്ച പച്ചത്തുരുത്ത് സ്ഥാപിച്ച ഗ്രാമപഞ്ചായത്തിനുള്ള ജില്ലാ പഞ്ചായത്ത് അവാർഡ് മടിക്കൈ ഗ്രാമപഞ്ചായത്തിന് ഫെബ്രുവരി 23 ന് കാസർഗോഡ് വെച്ച് ബഹു.മുഖ്യമന്ത്രി നൽകി. ഏറ്റവും വിസ്തൃതിയുള്ള പച്ചത്തുരുത്തിനുള്ള അവാർഡ് കക്കാട്ട് പച്ചത്തുരുത്തിനും നൽകിയിട്ടുണ്ട്.

| പച്ചത്തുരുത്ത് - ഫെബ്രുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 22 | 198 | 293 | 111 | 602 | 0 | 0 | 0 | 0 | 194 | 101 |

## 8. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത

കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 9 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം ഫെബ്രുവരി മാസം വരെ 2422 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 1133 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തൃശ്ശൂർ (314), തിരുവനന്തപുരം (248), കാസർഗോഡ് (163), കണ്ണൂർ (125), വയനാട് (90), പത്തനംതിട്ട (60), കൊല്ലം (59) എന്നീ ജില്ലകളാണ്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 9 | 3040 | 2422 | 1133 |

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- ❖ എറണാകുളം ജില്ലയിൽ തിരുമാറാടിയിൽ തരിശു നിലത്ത് പച്ചക്കറികൃഷിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- ❖ പാലക്കാട് ജില്ലയിൽ കൃഷി സമൃദ്ധി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി 1 വൈകുന്നേരം 4 മണിക്ക് തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷിന്റ അധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് നിർവഹിച്ചു.
- ❖ പാലക്കാട് ജില്ലയിൽ സി.പി.ഐ.എം തൃത്താല ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന ജൈവ പച്ചക്കറി കൃഷിയുടെ വിത്തിടൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ എഴുമങ്ങാട്ടിൽ വെച്ച് 2025 ഫെബ്രുവരി 15 നു തദ്ദേശസ്വയംഭരണ എക്സസൈസ് വകുപ്പ് മന്ത്രി എം. ബി. രാജേഷ് ഉദ്ഘാടനം നിർവ്വഹിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ പുത്തിഗെ ഗ്രാമപഞ്ചായത്തിൽ ശ്രീ.മഹാലിംഗേശ്വര ക്ഷേത്രം ദേലമ്പാടി അമ്പലത്തിൽ മെയ് മാസത്തിൽ നടക്കുന്ന ഉത്സവത്തിന് ആവശ്യമായ പച്ചകറികൾ കൃഷി ചെയ്യാൻ അമ്പല കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. കൃഷി ഭവൻ സഹായത്തോടെ ഹരിത കേരളം മിഷൻ നടപ്പിലാക്കുന്ന പദ്ധതി എന്ന നിലയിലാണ് നടത്തുന്നത്. ആകെ ഉള്ള 3 ഏക്കറിൽ 2.5 ഏക്കർ സ്ഥലത്ത് വെള്ളരിക്ക, കുമ്പളങ്ങ, മറ്റ് പച്ചകറികൾ തുടങ്ങിയവയാണ് കൃഷി ചെയ്യുന്നത്.

| തരിശുരഹിതഗ്രാമം/ഹരിതസമൃദ്ധിവാർഡുകൾ/ തെങ്ങിന് തടം മണ്ണിന് ജലം മേഖലയിലെ ഇടപെടലുകൾ - ഫെബ്രുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 13 | 56 | 95 | 72 | 223 | 0 | 0 | 0 | 0 | 125 | 102 |

## 9. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) തുടക്കം

കുറിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ 2025 മാർച്ച് 30ന് (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) ലക്ഷ്യം നേടാൻ കഴിയും വിധത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ സംസ്ഥാനത്തു നടന്നു വരുന്നു. മാലിന്യം മുക്തം ജനകീയ കാമ്പയിനുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തങ്ങൾ ജനുവരി മാസത്തിൽ നടന്നിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനപരിപാടികൾ / ഹരിത പ്രഖ്യാപനങ്ങൾ എന്നിവ നടന്നു വരുന്നു.

| മാലിന്യം മുക്തം ജനകീയ കാമ്പയിൻ പ്രവർത്തനങ്ങൾ | | | | | |
|---|---|---|---|---|---|
| പ്രവർത്തനങ്ങൾ | തിരഞ്ഞെടുത്തത് | പ്രഖ്യാപനം നടത്തിയത് | | | ശതമാനം |
| | | ജനുവരി വരെ | ഫെബ്രുവരി | ആകെ | |
| ടൗൺ | 2774 | 1291 | 500 | 1791 | 64.56% |
| മാർക്കറ്റ് / പൊതുസ്ഥലം | 3118 | 1870 | 538 | 2408 | 77.22% |
| അയൽക്കൂട്ടങ്ങൾ | 303872 | 222594 | 43299 | 265893 | 87.50% |
| ഹരിത വിദ്യാലയങ്ങൾ | 14536 | 12818 | 659 | 13477 | 92.71% |
| ഹരിത കലാലയങ്ങൾ | 1410 | 1063 | 143 | 1206 | 85.53% |
| ഹരിതസ്ഥാപനങ്ങൾ | 57282 | 41552 | 8061 | 49613 | 86.61% |
| ഹരിത ടൂറിസം | 419 | 106 | 21 | 127 | 30.31% |

- ❖ തിരുവനന്തപുരം ജില്ലയിൽ നന്ദിയോട് ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഹരിത വിദ്യാലയം, ഹരിത ഓഫീസ്, ഹരിത അയൽക്കൂട്ടങ്ങൾ പഞ്ചായത്ത് തല പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടന്നു. 303 പേർ ഈ പരിപാടിയിൽ പങ്കെടുത്തു.
- ❖ തിരുവനന്തപുരം ജില്ലയിൽ അഞ്ചുതെങ് ഗ്രാമപഞ്ചായത്ത് മാലിന്യ മുക്ത സമ്പൂർണ്ണ പ്രഖ്യാപനം നവകേരളം കർമ്മപദ്ധതി സംസ്ഥാന കോ ഓർഡിനേറ്റർ ഡോ.ടി.എൻ. സീമ നിർവഹിച്ചു.
- ❖ തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ നഗരസഭയിൽ വിവിധ ഹരിത പ്രഖ്യാപനവും സാക്ഷ്യപത്ര വിതരണവും നഗരസഭ ചെയർപേഴ്സൺ നിർവഹിച്ചു.
- ❖ കൊല്ലം ജില്ലയിൽ വ്യത്യസ്തമായ വഴിയിലൂടെ വൃത്തിയുടെ സന്ദേശം കുട്ടികളിലെത്തിക്കുന്നതിനും മാലിന്യമുക്ത നവകേരളത്തിനായി വിദ്യാർഥികളെ ബോധവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ട് വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിദ്ധീകരിച്ച ചിത്രകഥാ പുസ്തകമായ 'പളുങ്ക്' നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ. സീമ പ്രകാശിപ്പിച്ചു.
- ❖ കൊല്ലം ജില്ലയിൽ എല്ലാ മിനി സിവിൽ സ്റ്റേഷനുകളും ഹരിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരുടെ നേതൃത്വത്തിൽ തഹസിൽദാർമാരുടെയും സ്ഥാപന മേധാവികളുടെയും യോഗം ചേർന്നു.
- ❖ പത്തനംതിട്ട ജില്ലയിൽ മിനി സിവിൽ സ്റ്റേഷൻ പരിസരം ശുചീകരിച്ചു. ഇതോടൊപ്പം മിനി സിവിൽ സ്റ്റേഷൻ പരിസരത്തെ പാർക്കിംഗ് സ്ഥലത്ത് കിടന്നിരുന്ന ഉപയോഗശൂന്യമായ വാഹനങ്ങൾ മാറ്റുകയും സബ് രജിസ്ട്രാർ ഓഫീസിന് സമീപതുള്ള മാലിന്യം നീക്കം ചെയ്യുകയും ചെയ്തു.
- ❖ ഇടുക്കി ജില്ലയിൽ ഇരട്ടയാർ സെന്റ് തോമസ് ഹൈസ്കൂളിലെ 6, 7, 8 ക്ലാസ്സുകളിൽ നിന്നായി മൂന്ന് ബാച്ചുകൾ ആയി വിദ്യാർത്ഥികൾ ഇരട്ടയാർ MCF സന്ദർശിക്കുകയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശാസ്ത്രീയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, തരംതിരിക്കൽ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്കരണ ക്ലാസ്സ് നൽകുകയും ചെയ്യ്തു. 350 വിദ്യാർത്ഥികളും 18 അധ്യാപകരും ഇതിൽ പങ്കടുത്തു.
- ❖ ഇടുക്കി ജില്ലയിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ 5000ൽ പരം ആളുകളെ പങ്കെടുപ്പിച്ചു കൊണ്ട് എല്ലാ വാർഡുകളിലും ജനകീയ ശുചികരണ യജ്ഞം സംഘടിപ്പിച്ചു. 15 ടണിൽ അധികം വലിച്ചെറിയപ്പെട്ട മാലിന്യങ്ങൾ ശേഖരിച്ചു. ചില്ല്, പ്ലാസ്റ്റിക് കുപ്പികൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചു ശേഖരിച്ചു.
- ❖ ഇടുക്കി ജില്ലയിൽ അറക്കുളം പഞ്ചായത്തിലെ ബയോ ബിന്നുകളുടെ വിതരണം നടന്നു. മുഴുവൻ അംഗൻവാടികൾക്കും, ഗവൺമെന്റ് സ്കൂളുകൾക്കും, ഗ്രാമപഞ്ചായത്ത് ഘടക സ്ഥാപനങ്ങൾക്കും ബിന്നുകൾ വിതരണം ചെയ്തു.

- എറണാകുളം ജില്ലയിൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിനെ ആദ്യ സമ്പൂർണ ബ്ലോക്ക് തല ഹരിത പ്രഖ്യാപനം എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് IAS നിർവഹിച്ചു.
- എറണാകുളം ജില്ലയിൽ ചേലോടെ ചെല്ലാനം ക്യാമ്പയിൻ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ച MCF എറണാകുളം ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ് ഉദ്ഘാടനം ചെയ്തു. 20 ലക്ഷം രൂപ MCF നവീകരണത്തിന് വേണ്ടി CII സഹകരണത്തോടെ CSR ഫണ്ട് ലഭിച്ചിരുന്നു. ഹരിത കർമ്മ സേന ഓഫീസ്, സോർട്ടിങ് ടേബിൾ തുടങ്ങിയ എല്ലാ സൗകര്യങ്ങളും MCF ന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സോഷ്യൽ ഓഡിറ്റ് പൂർത്തീകരിക്കും.
- തൃശ്ശൂർ ജില്ലയിൽ ഗുരുവായൂർ നഗരസഭ ഹരിത പ്രഖ്യാപനം നടത്തി. നഗരസഭ ചെയർമാൻ ഉദ്ഘാടനവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി.
- തൃശ്ശൂർ ജില്ലയിൽ ചാലക്കുടി നഗരസഭയിൽ സേക്രട്ട് ഹാർട്ട് കോളേജ് ഹരിത കലാലയമായി പ്രഖ്യാപിക്കുകയും സർട്ടിഫിക്കറ്റ് നൽകി ആദരിക്കുകയും ചെയ്തു.
- തൃശ്ശൂർ ജില്ലയിൽ കുന്നംകുളം നഗരസഭയിൽ ഹരിത പദവി പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടന്നു. നഗരസഭ ചെയർപേഴ്സൺ ഹരിത പദവി ലഭിച്ച 100% വിദ്യാലയങ്ങൾ 100% സ്ഥാപനങ്ങൾ 100% കലാലയങ്ങൾ എന്നിവയ്ക്ക് സർട്ടിഫിക്കറ്റുകൾ നൽകിക്കൊണ്ട് പ്രഖ്യാപനം നടത്തി.
- തൃശ്ശൂർ ജില്ലയിൽ കുഴൂർ, പൊയ്യ, പുതുക്കാട്, വേളൂക്കര, എളവള്ളി, പൂമംഗലം, അന്തിക്കാട്, വെള്ളാങ്കല്ലൂർ, കടപ്പുറം, നാട്ടിക, തളിക്കുളം, മുല്ലശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഹരിത പ്രഖ്യാപനങ്ങളും സർട്ടിഫിക്കറ്റ് വിതരണവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ നിർവ്വഹിച്ചു.
- തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഹരിത പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ഗുരുവായൂർ MLA എൻ.കെ.അക്ബർ നിർവഹിച്ചു.
- തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലേക്ക് ബയോബിൻ വിതരണം നടത്തി.
- തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം, എടത്തിരുത്തി, പെരിഞ്ഞനം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഹരിത പ്രഖ്യാപനവും ഹരിത സർട്ടിഫിക്കറ്റ് വിതരണവും കയ്പമംഗലം MLA ഇ.ടി ടൈസൺ മാസ്റ്റർ നിർവഹിച്ചു.
- തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഹരിത പ്രഖ്യാപനം നടന്നു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു ഉദ്ഘാടനം നിർവഹിച്ചു.
- പാലക്കാട് ജില്ലയിൽ ഗവൺമെന്റ് വിക്ടോറിയ കോളേജ് സമ്പൂർണ്ണ ഗ്രീൻ ക്യാമ്പസ് ആകുന്നതിനു മുന്നോടിയായി മെഗാ ശുചീകരണ ക്യാമ്പയിൻ സംഘടിപ്പിച്ചു.
- പാലക്കാട് ജില്ലയിൽ കുത്തനൂർ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ ഹരിത സ്ഥാപനം, വിദ്യാലയം, കലാലയം, അംഗൻവാടി, അയൽക്കൂട്ടം, ഹരിത ടൗൺ തുടങ്ങിയ പ്രഖ്യാപനം തരൂർ MLA പി.പി.സുമോദ് നിർവഹിച്ചു. 410 പേർ പരിപാടിയിൽ പങ്കെടുത്തു.
- പാലക്കാട് ജില്ലയിൽ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ സമ്പൂർണ ഹരിത വിദ്യാലയം, കലാലയം പ്രഖ്യാപനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. കൂടാതെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഹരിത ടൗണായി മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രഖ്യാപനം നടത്തി.
- പാലക്കാട് ജില്ലയിൽ പുതുക്കോട് ഗ്രാമപഞ്ചായത്തിലെ സർവ്വജന ഹൈസ്കൂളിന്റെ ഹരിത വിദ്യാലയ പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു.
- പാലക്കാട് ജില്ലയിൽ തരൂർ, മേലാർകോട്, എലവഞ്ചേരി, മാത്തൂർ, കുഴൽമന്ദം, തേങ്കുറിശ്ശി, അയിലൂർ, വണ്ടാഴി എന്നീ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഹരിത സ്ഥാപനം, സമ്പൂർണ്ണ ഹരിത വിദ്യാലയം, സമ്പൂർണ്ണ ഹരിത അംഗൻവാടി, ഹരിത ടൗൺ തുടങ്ങിയ പ്രഖ്യാപനങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ നിർവ്വഹിച്ചു.
- കോഴിക്കോട് ജില്ലയിലെ മണിയൂർ ഗ്രാമപഞ്ചായത്തിൽ മികച്ച രീതിയിൽ തയ്യാറായ MCF-ന്റെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവ്വഹിച്ചു.

- കോഴിക്കോട് ജില്ലയിൽ മൂടാടി, ചെങ്ങോട്ടുകാവ്, പയ്യോളി, ചേളന്നൂർ, കാക്കൂർ, വില്ല്യാപ്പള്ളി, ഫറോക്ക് നഗരസഭ, കട്ടിപ്പാറ, ബാലുശ്ശേരി എന്നീ പഞ്ചായത്തുകളിലും കൊയിലാണ്ടി നഗരസഭയിലും ഹരിത പ്രഖ്യാപനങ്ങൾ നടന്നു.
- വയനാട് ജില്ലയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ ഹരിത വിദ്യാലയം, ഹരിത സ്ഥാപനം, ഹരിത കലാലയം, ഹരിത ടൗൺ പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടന്നു. മീനങ്ങാടി ടൗണിനെ ഹരിത ടൗൺ ആയി പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്തിലെ 29 സ്ഥാപനങ്ങൾക്കും, 13 വിദ്യാലയങ്ങൾക്കും, 6 കലാലയങ്ങൾക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.
- കണ്ണൂർ ജില്ലയിൽ ഫെബ്രുവരി മാസത്തിൽ എല്ലാ റസിഡന്റ്സ് അസോസിയേഷനുകളിലും വിപുലമായ പൊതു ശുചീകരണ പരിപാടികൾ നടന്നു.
- കണ്ണൂർ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകളും ഹരിത സ്ഥാപനങ്ങളാക്കുന്നതിന്റെ ഭാഗമായി സിവിൽ സ്റ്റേഷനിലെ മുഴുവൻ ഓഫീസുകളും കണ്ണൂർ കളക്ട്രേറ്റ്, അനുബന്ധ സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിലെ വിവിധ സർക്കാർ ഓഫീസുകളുടെ ശുചിത്വ നിലവാരം സംബന്ധിച്ച പരിശോധന നടന്നു.
- കാസർഗോഡ് ജില്ലയിൽ ഫെഡറേഷൻ ഓഫ് റെസിഡൻസ് അസോസിയേഷൻ കാസർഗോഡ് (FRAK) ജില്ലാതല യോഗം ഡിപിസി ഹാളിൽ ചേർന്നു.

### 9.1 ഹരിത സുന്ദര ടൗൺ, മാർക്കറ്റ് / പൊതുസ്ഥലം

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുത്ത എല്ലാ ടൗണുകളെയും മാലിന്യമുക്തമാക്കി സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ നടത്തി നാടിന് സമർപ്പിക്കണം എന്ന് ലക്ഷ്യം വച്ചിരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുത്ത എല്ലാ പൊതുസ്ഥലം, മാർക്കറ്റ് എന്നിവ ശുചീകരിച്ച് ശുചിത്വ കേന്ദ്രമായി പ്രഖ്യാപിക്കും എന്നും ലക്ഷ്യം വച്ചിരുന്നു.
- കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉൾപ്പെട്ട ചെറുതും വലുതുമായ 2774 ടൗണുകളെ/കവലകളെ/പ്രദേശങ്ങളെ ശുചീകരിച്ച്, സൗന്ദര്യവൽക്കരിച്ച് ഹരിത ടൗണുകൾ ആയി പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ 3118 പൊതു സ്ഥലങ്ങൾ / മാർക്കറ്റുകളും ശുചീകരണ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തി ഹരിതകേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതാണ്. തിരഞ്ഞെടുത്ത എല്ലാ ടൗണുകൾ / കവലകൾ / പൊതു സ്ഥലങ്ങൾ / മാർക്കറ്റുകൾ എന്നിവടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.
- ഫെബ്രുവരി മാസം വരെ 1791 ടൗണുകളെയും 2408 പൊതുസ്ഥലങ്ങളെയും ശുചിത്വ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.
- കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ടൗൺ, പൊതു സ്ഥലങ്ങളും/ മാർക്കറ്റും എന്നിവയുടെ ലക്ഷ്യം വച്ചിട്ടുള്ള ടാർജറ്റിന്റെ എണ്ണം മാസംതോറും മാറി വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സമിതികൾ സ്ഥിതിഗതികൾ വിലയിരുത്തി കൂടുതൽ ടൗണുകൾ പൊതു സ്ഥലങ്ങൾ ഹരിത പ്രവർത്തനങ്ങൾക്കായി വ്യാപിപ്പിക്കുന്നതു കാരണമാണ് ടാർജറ്റ് മാറി വരുന്നത്.
- പ്രവർത്തനങ്ങൾ വിലയിരുത്തി പ്രഖ്യാപനം നടത്താൻ ആവശ്യമായ മാർഗ്ഗരേഖയും അസ്സെസ്സ്മെന്റ് ഫോമും, സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയും ടൗണുകൾ മാലിന്യമുക്തമാക്കി ഭംഗിയുള്ളതായി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സ്ഥലത്തെ രാഷ്ട്രീയ പ്രവർത്തകർ, വ്യാപാരി വ്യവസായി സംഘടനകൾ, ഓട്ടോ ടാക്സി തൊഴിലാളികൾ, യുവജനങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, ഗ്രന്ഥശാലകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവരുടെ സേവനം ലഭിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രശംസനീയമാണ്.
- സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ടൗണുകളെ തിരഞ്ഞെടുത്തതും നിലവിൽ ഹരിത ടൗണുകളായി പ്രഖ്യാപിച്ചതും തൃശ്ശൂർ ജില്ലയാണ് (538 ടൗണുകളെ തിരഞ്ഞെടുത്തതിൽ 401 ടൗണുകളെ ഫെബ്രുവരി മാസം വരെ ഹരിത ടൗണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്).
- സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും തിരെഞ്ഞെടുത്തതും

നിലവിൽ ശുചിത്വ പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും പ്രഖ്യാപിച്ചതും കോഴിക്കോട് ജില്ലയാണ് (തിരഞ്ഞെടുത്ത 808 പൊതു സ്ഥലങ്ങൾ/ മാർക്കറ്റുകളിൽ 746 പൊതു സ്ഥലങ്ങൾ/ മാർക്കറ്റുകളെ ഫെബ്രുവരി മാസം വരെ ഹരിതമായി പ്രഖ്യാപിച്ചിട്ടുണ്ട്).

| ജില്ല | ടൗൺ | | മാർക്കറ്റ് / പൊതുസ്ഥലം | |
|---|---|---|---|---|
| | എണ്ണം | പ്രഖ്യാപിച്ച ടൗണിന്റെ എണ്ണം | എണ്ണം | പ്രഖ്യാപനം നടത്തിയ മാർക്കറ്റിന്റെ/ പൊതുസ്ഥലത്തിന്റെ എണ്ണം |
| തിരുവനന്തപുരം | 86 | 19 | 110 | 46 |
| കൊല്ലം | 162 | 67 | 73 | 65 |
| പത്തനംതിട്ട | 70 | 40 | 63 | 32 |
| ആലപ്പുഴ | 78 | 47 | 83 | 37 |
| കോട്ടയം | 140 | 77 | 77 | 46 |
| ഇടുക്കി | 211 | 157 | 164 | 84 |
| എറണാകുളം | 337 | 213 | 420 | 327 |
| തൃശൂർ | 538 | 401 | 301 | 195 |
| പാലക്കാട് | 271 | 145 | 277 | 216 |
| മലപ്പുറം | 145 | 124 | 141 | 96 |
| കോഴിക്കോട് | 279 | 147 | 808 | 746 |
| വയനാട് | 52 | 44 | 140 | 114 |
| കണ്ണൂർ | 371 | 278 | 279 | 228 |
| കാസർഗോഡ് | 34 | 32 | 182 | 176 |
| TOTAL | 2774 | 1791 | 3118 | 2408 |

- തിരുവനന്തപുരം ജില്ലയിൽ ഫെബ്രുവരി മാസം വരെ 19 ടൗണുകളെയും 46 മാർക്കറ്റുകൾ/പൊതു സ്ഥലങ്ങൾ ഹരിതമായി പ്രഖ്യാപിച്ചിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ 40 ടൗണുകളെയും 32 മാർക്കറ്റുകൾ / പൊതുസ്ഥലങ്ങളെയും ഹരിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലായിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതും IEC ബോർഡുകൾ സ്ഥാപിക്കുന്നതുമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആലപ്പുഴ ജില്ലയിൽ പുന്നപ്ര നോർത്ത് ഗ്രാമപഞ്ചായത്തിലെ പത്തിൽ പാലം ജംഗ്ഷനും അസംബ്ലി ജംഗ്ഷനും ഹരിത ജംഗ്ഷനുകളായി പ്രഖ്യാപിക്കുകയും ബോട്ടിൽ ബൂത്ത് സ്ഥാപിക്കുകയും ചെയ്തു.
- ഇടുക്കി ജില്ലയിൽ റിപ്പോർട്ട് മാസം വരെ 157 ടൗണുകളെ ഹരിത ടൗണുകളായും, 84 പൊതുസ്ഥലങ്ങൾ ഹരിത പൊതുസ്ഥലങ്ങളായും പ്രഖ്യാപിച്ചു.
- ഇടുക്കി ജില്ലയിൽ അടിമാലി പഞ്ചായത്തിലെ ഇരുമ്പുപാലം ടൗണിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം നിർവഹിച്ചു. 48 പേർ പ്രവർത്തനത്തിൽ പങ്കാളിത്തം വഹിച്ചു.
- ഇടുക്കി ജില്ലയിൽ മര്യാപുരം ഗ്രാമപഞ്ചായത്തിലെ ഇടുക്കി ടൗണിൽ 250ൽ പരം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ജനകീയ ശുചീകരണ യജ്ഞം നടത്തി. മാലിന്യ മുക്ത പഞ്ചായത്ത് പ്രഖ്യാപനത്തിന് മുന്നോടിയായിട്ടുള്ള ശുചീകരണ പ്രവർത്തനമാണ് ഇടുക്കി ടൗണിൽ നടന്നത്.
- ഇടുക്കി ജില്ലയിൽ മുട്ടം ഗ്രാമപഞ്ചായത്തിൽ നൈറ്റ് ക്ലീനിങ് ജനകീയ പ്രോഗ്രാം സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രവർത്തനം ഉദ്ഘാടനം ചെയ്തു. 80 ഓളം പേർ ഈ പ്രവർത്തനത്തിൽ പങ്കെടുത്തു.
- എറണാകുളം ജില്ലയിൽ തിരഞ്ഞെടുത്ത 337 ടൗണുകളിൽ, 335 ടൗണുകളിലും ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും, 213 ടൗണുകൾ ഹരിത ടൗൺ ആയി പ്രഖ്യാപിക്കുകയും ചെയ്തു. ഇത് കൂടാതെ ആകെ തിരഞ്ഞെടുത്ത 420 പൊതു കേന്ദ്രങ്ങളിൽ, 335 കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും, 327 പൊതുസ്ഥലങ്ങൾ/മാർക്കറ്റുകൾ

ഹരിതം ആയി പ്രഖ്യാപിക്കുകയും ചെയ്തു.

- ❖ തൃശ്ശൂർ ജില്ലയിൽ കോലഴി ഗ്രാമപഞ്ചായത്തിന്റെ വലിയപറമ്പ്, പൂവണി, കൊട്ടേക്കാട്, കുറ്റൂർ സെന്റർ എന്നീ ടൗണുകൾ ശുചീകരിച്ചു. കോളേജ് വിദ്യാർത്ഥികളുടെയും ഓട്ടോ-ടാക്സി തൊഴിലാളികൾ, വ്യാപാരി വ്യവസായികൾ, ഹരിത കർമ്മ സേന അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ എന്നുയിവരുടെ നേതൃത്വത്തിലാണ് ശുചീകരണം നടന്നത്.
- ❖ തൃശ്ശൂർ ജില്ലയിൽ അടാട്ട് ഗ്രാമപഞ്ചായത്തിൽ മെഗാ ശുചീകരണ യജ്ഞത്തിന് തുടക്കം കുറിച്ചു. മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് അതിർത്തിയിലെ നാഷണൽ ഹൈവേയുടെ ഇരു ഭാഗങ്ങളിലും ശുചീകരണം സംഘടിപ്പിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ എം.സി.എഫ് പരിസരത്ത് ഉപയോഗിക്കാതെ കിടന്നിരുന്ന ഭൂമി ശുചീകരണം നടത്തി ഉദ്യാനവും ഇരിപ്പിടങ്ങളും സ്ഥാപിച്ചു. ഉദ്യാനമേൽനോട്ടത്തിന് ഹരിത കർമ്മ സേനയെ ചുമതലപ്പെടുത്തി.
- ❖ പാലക്കാട് ജില്ലയിൽ ഫെബ്രുവരി മാസം 57 മാർക്കറ്റുകളിൽ/പൊതു സ്ഥലങ്ങൾ ഹരിതമായി പ്രഖ്യാപിച്ചു. ഇതുവരെ 96 മാർക്കറ്റുകളിൽ/പൊതു സ്ഥലങ്ങളാണ് ഇതിനോടകം ഹരിതമായി പ്രഖ്യാപിച്ചത്. ഇതോടൊപ്പം IEC ബോർഡുകൾ സ്ഥാപിച്ചു. 39 സന്നദ്ധ പ്രവർത്തനങ്ങളിൽ 885 ആളുകൾ പങ്കെടുത്തു.
- ❖ മലപ്പുറം ജില്ലയിൽ 124 ടൗണുകൾ ഹരിത ടൗണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലായിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇതോടൊപ്പം IEC ബോർഡുകളും ടൗണുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ജില്ലയിൽ ഫെബ്രുവരി മാസം വരെ 96 മാർക്കറ്റുകളിൽ / പൊതു സ്ഥലങ്ങൾ ഹരിത മാർക്കറ്റുകളിൽ / പൊതുസ്ഥലങ്ങളായി പ്രഖ്യാപിച്ചു. ഇതോടൊപ്പം IEC ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷനിൽ 5 ടൗണുകളും നരിക്കുനി, കക്കോടി ഗ്രാമപഞ്ചായത്തുകളിലും റിപ്പോർട്ട് മാസം ഹരിത ടൗൺ പ്രഖ്യാപനം നടന്നിട്ടുണ്ട്.
- ❖ വയനാട് ജില്ലയിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ പച്ചിലക്കാട്, കൂടോത്തുമ്മൽ എന്നീ ടൗണുകളും വൈത്തിരി ഗ്രാമപഞ്ചായത്തിലെ വൈത്തിരി, തളിപ്പുഴ എന്നീ ടൗണുകളെയും തിരഞ്ഞെടുക്കുകയും അവിടെ ആദ്യഘട്ട പരിശോധന പൂർത്തീകരിച്ച് മാസ് ശുചീകരണം നടത്തുന്നതിനും ബിന്നുകൾ സ്ഥാപിക്കുന്നതിനും സൗന്ദര്യവത്കരണം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- ❖ കാസർഗോഡ് ജില്ലയിൽ 182 പൊതു ഇടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ 176 പൊതുഇടങ്ങളുടെ ഹരിത പ്രഖ്യാപനം നടന്നു. പുത്തിഗെ ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാൻഡ് പരിസരത്ത് രാഷ്ട്രീയ പാർട്ടികൾ, ക്ലബ്ബുകൾ ചേർന്ന് ബോട്ടിൽ ബൂത്ത് സ്ഥാപിച്ചു.

| ഹരിത സുന്ദര ടൗൺ മാർക്കറ്റ് / പൊതുസ്ഥലം - ഫെബ്രുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 293 | 805 | 915 | 1000 | 2720 | 0 | 0 | 0 | 0 | 4147 | 13439 |

## 9.2 ഹരിത അയൽക്കൂട്ടങ്ങൾ

- ❖ ഫെബ്രുവരി മാസത്തിൽ 75 ശതമാനം ഹരിത അയൽക്കൂട്ടങ്ങളായി മാറ്റണം എന്ന് ലക്ഷ്യം വച്ചിരുന്നു. നിലവിൽ 87.50% അയൽക്കൂട്ടങ്ങൾ ഹരിത പദവി നേടിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തെ 30,3,872 കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ 2,65,893 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഹരിത അയൽകൂട്ട പദവിക്ക് അർഹമായിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഗ്രേഡിങ് നടത്തിയാണ് ഹരിത അയൽക്കൂട്ടങ്ങളെ തിരഞ്ഞെടുത്തത്. ശുചിത്വം മാത്രം മാനദണ്ഡമാക്കിയുള്ള വിലയിരുത്തലാണ് കുടുംബശ്രീ ഇതിനായി നടത്തിയത്.
- ❖ സംസ്ഥാനത്ത് കോഴിക്കോട്, എറണാകുളം, കാസർഗോഡ്, എന്നീ ജില്ലകൾ എല്ലാ

അയൽക്കൂട്ടങ്ങളെയും (100%) ഹരിത അയൽക്കൂട്ടങ്ങളാക്കി മാറ്റിയിട്ടുണ്ട്.

| ജില്ല | അയൽക്കൂട്ടങ്ങൾ | | |
|---|---|---|---|
| | ആകെ അയൽക്കൂട്ടങ്ങൾ | ഹരിത പദവി കരസ്ഥമാക്കിയ അയൽക്കൂട്ടങ്ങൾ | ശതമാനം |
| തിരുവനന്തപുരം | 30589 | 20676 | 67.59% |
| കൊല്ലം | 27115 | 23,215 | 85.62% |
| പത്തനംതിട്ട | 10209 | 7,742 | 75.84% |
| ആലപ്പുഴ | 22666 | 16198 | 71.46% |
| കോട്ടയം | 15664 | 14379 | 91.80% |
| ഇടുക്കി | 11770 | 7955 | 67.59% |
| എറണാകുളം | 25485 | 25485 | 100.00% |
| തൃശ്ശൂർ | 25987 | 25857 | 99.50% |
| പാലക്കാട് | 30368 | 28534 | 93.96% |
| മലപ്പുറം | 33412 | 29826 | 89.27% |
| കോഴിക്കോട് | 27618 | 27618 | 100.00% |
| വയനാട് | 9824 | 6139 | 62.49% |
| കണ്ണൂർ | 20990 | 20094 | 95.73% |
| കാസർഗോഡ് | 12175 | 12175 | 100.00% |
| ആകെ | 303872 | 265893 | 87.50% |

- ❖ തിരുവനന്തപുരം ജില്ലയിൽ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് 284 അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ ഇതുവരെ 9648 അയൽക്കൂട്ടങ്ങളുടെ പരിശോധന പൂർത്തിയായിട്ടുണ്ട്. 7,742 അയൽക്കൂട്ടങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ 7955 അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടം ആയി പ്രഖ്യാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ ഫെബ്രുവരി മാസം വരെ 25485 അയൽകൂട്ടങ്ങളെ ഹരിത അയൽകൂട്ടങ്ങൾ ആയി പ്രഖ്യാപിച്ചതോടെ ജില്ലയിലെ മുഴുവൻ അയൽകൂട്ടങ്ങളെയും ഹരിത അയൽകൂട്ടങ്ങൾ ആയി പ്രഖ്യാപിക്കുവാൻ സാധിച്ചു.
- ❖ മലപ്പുറം ജില്ലയിൽ 33412 അയൽക്കൂട്ടങ്ങളിൽ 32945 അയൽക്കൂട്ടങ്ങളെ അസ്സെസ്സ്മെന്റ് പൂർത്തിയായി. ഇതിൽ 29826 അയൽക്കൂട്ടം ഹരിത പദവി കരസ്ഥമാക്കി.
- ❖ കണ്ണൂർ ജില്ലയിൽ 20990 അയൽക്കൂട്ടങ്ങൾ ഉള്ളതിൽ 20094 അയൽക്കൂട്ടങ്ങളെ (95.73%) ഹരിത അയൽക്കൂട്ടങ്ങളായി മാറ്റിയിട്ടുണ്ട്.

| ഹരിത അയൽക്കൂട്ടങ്ങൾ - ഫെബ്രുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 73 | 174 | 181 | 518 | 873 | 0 | 0 | 0 | 0 | 3123 | 13689 |

### 9.3 ഹരിത സ്ഥാപനങ്ങൾ

ഫെബ്രുവരി മാസത്തിൽ എല്ലാ ജില്ലകളിലേയും മുഴുവൻ സ്ഥാപനങ്ങൾ ഹരിത സ്ഥാപനങ്ങളായി മാറ്റണം എന്ന് ലക്ഷ്യം നൽകിയിരുന്നു. ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനങ്ങളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| ജില്ല | ഹരിതസ്ഥാപനങ്ങൾ | | |
|---|---|---|---|
| | ആകെ സ്ഥാപനങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ സ്ഥാപനങ്ങൾ | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 4213 | 2084 | 49.47% |
| കൊല്ലം | 5387 | 4987 | 92.57% |
| പത്തനംതിട്ട | 2377 | 1870 | 78.67% |
| ആലപ്പുഴ | 1510 | 1379 | 91.32% |
| കോട്ടയം | 4403 | 3971 | 90.19% |
| ഇടുക്കി | 3459 | 2965 | 85.72% |
| എറണാകുളം | 4499 | 3980 | 88.46% |
| തൃശ്ശൂർ | 6469 | 6469 | 100.00% |
| പാലക്കാട് | 5224 | 4561 | 87.31% |
| മലപ്പുറം | 5124 | 3639 | 71.02% |
| കോഴിക്കോട് | 5488 | 5004 | 91.18% |
| വയനാട് | 970 | 834 | 85.98% |
| കണ്ണൂർ | 5622 | 5198 | 92.46% |
| കാസർഗോഡ് | 2537 | 2461 | 97.00% |
| ആകെ | 57282 | 49402 | 86.24% |

- സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ, പൊതുഭരണ സ്ഥാപനങ്ങൾ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്ന 57282 സ്ഥാപനങ്ങളിൽ നിന്നും 49402 (86.24%) സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കിയിട്ടുണ്ട്.
- ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.
- വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ, ബി, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.
- ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച് മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണം, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.
- സംസ്ഥാനത്തു ഏറ്റവും കൂടുതൽ സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായി മാറ്റിയത് തൃശ്ശൂർ ജില്ലയാണ്. തൃശ്ശൂർ ജില്ല തിരഞ്ഞെടുത്ത 6469 സ്ഥാപനങ്ങളിൽ 6469 സ്ഥാപനങ്ങളെ (100%) ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിൽ ഫെബ്രുവരി മാസം വരെ 2084 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങൾ ആയി പ്രഖ്യാപിച്ചു. 49.47% മാത്രമേ ഇതുവരെ പ്രഖ്യാപിക്കാൻ സാധിച്ചിട്ടുള്ളൂ.
- കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ 90% മുകളിൽ സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കിയിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ ഇതുവരെ 2143 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. ആയതിൽ 1,870 സ്ഥാപനങ്ങൾ ഹരിത സ്ഥാപന പദവി കരസ്ഥമാക്കിയിട്ടുണ്ട്. 1048 സ്ഥാപനങ്ങൾക്ക്

സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

- ആലപ്പുഴ ജില്ലയിൽ അകെ 1510 സർക്കാർ ഓഫീസുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ആയതിൽ 1379 സ്ഥാപനങ്ങളെ (90.19%) ഹരിത സ്ഥാപനങ്ങളാക്കി മാറ്റുവാൻ സാധിച്ചു.
- കോട്ടയം ജില്ലയിൽ അസ്സസ്മെന്റ് പൂർത്തിയാക്കിയ 4119 സ്ഥാപനങ്ങളിൽ 3971 സ്ഥാപനങ്ങൾ ഹരിത പദവി കരസ്ഥമാക്കി, ആയതിൽ 3555 സ്ഥാപന തല പ്രഖ്യാപനം ഇതിനോടകം നടന്നു.
- ഇടുക്കി ജില്ലയിൽ 2965 സ്ഥാപനങ്ങൾ ഹരിത സ്ഥാപനങ്ങളായി (85.72%).
- എറണാകുളം ജില്ലയിൽ വിവിധ സർക്കാർ ഓഫീസുകളും, അങ്കണവാടികളും ഗ്രേഡ് ചെയ്യുകയും ഫെബ്രുവരി മാസത്തിൽ മാത്രം 1262 സ്ഥാപനങ്ങൾ ഹരിത സ്ഥാപന പദവി കരസ്ഥമാക്കുകയും ചെയ്തു. ജില്ലയിൽ ഇതുവരെ 3980 സ്ഥാപനങ്ങൾ ഹരിത പദവി കരസ്ഥമാക്കി.
- എറണാകുളം ജില്ലയിൽ ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഹരിത ഗ്രേഡിങ് പൂർത്തീകരിച്ച് ജില്ല മെഡിക്കൽ ഓഫീസിനെയും (ആരോഗ്യം), ജില്ലാ ജനറൽ ആശുപത്രിയെയും ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു.
- എറണാകുളം ജില്ലയിൽ കേരള പി.എസ്.സി ജില്ലാ ഓഫീസിലും, പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിലും ഹരിത സംവാദം നടത്തുകയും ഹരിത സർട്ടിഫിക്കറ്റ് കൈമാറുകയും ചെയ്തു.
- മലപ്പുറം ജില്ലയിൽ 5124 സ്ഥാപനങ്ങളിൽ 4724 സ്ഥാപനങ്ങളെ അസ്സെസ്സ്മെന്റ് പൂർത്തിയായി. ആയതിൽ 3639 സ്ഥാപനങ്ങൾ ഹരിത പദവി കരസ്ഥമാക്കുകയും ഇതിൽ ഉൾപ്പെട്ട 2011 സ്ഥാപനങ്ങൾക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു.
- കോഴിക്കോട് ജില്ലയിൽ നാദാപുരം ഗ്രാമപഞ്ചായത്തിലെ കല്ലാച്ചി മിനി സിവിൽ സ്റ്റേഷനെ റിപ്പോർട്ട് മാസം ഹരിത സിവിൽ സ്റ്റേഷനായി പ്രഖ്യാപിച്ചു.
- വയനാട് ജില്ലയിൽ അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ട്രൈബൽ ആയുർവേദ ഡിസ്പെൻസറിയെ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ച് സർട്ടിഫിക്കറ്റ് വിതരണം നടത്തി.
- കാസർഗോഡ് ജില്ല തിരഞ്ഞെടുത്ത 2537 സ്ഥാപനങ്ങളിൽ 2461 സ്ഥാപനങ്ങളെ (97%) ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

| ഹരിത വിദ്യാലയങ്ങൾ/ കലാലയങ്ങൾ/ ഹരിതസ്ഥാപനങ്ങൾ - ഫെബ്രുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 459 | 695 | 1410 | 1204 | 3309 | 1 | 25 | 28 | 1432 | 7559 | 8701 |

## 9.4 ഹരിത വിദ്യാലയം, ഹരിത കലാലയം

- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലേയും 100% വിദ്യാലയങ്ങളെയും കലാലയങ്ങളേയും ഹരിത പദവിയിലെത്തിക്കണം എന്ന് ലക്ഷ്യം വച്ചിരുന്നു.
- സംസ്ഥാനത്ത് ആകെയുള്ള 14536 സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിലയിരുത്തൽ നടത്തിയതിൽ 13477 (92.71%) വിദ്യാലയങ്ങൾ ഹരിത വിദ്യാലയം പദവി നേടി. ഹരിത വിദ്യാലയ പ്രഖ്യാപനം 86.96% വിദ്യാലയങ്ങളിൽ നടന്നിട്ടുണ്ട്.
- ഫെബ്രുവരി മാസം വരെ കൊല്ലം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകൾ 100% വിദ്യാലയങ്ങളെയും ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.
- സംസ്ഥാനത്തു ഏറ്റവും കൂടുതൽ വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി മാറ്റിയത് മലപ്പുറം ജില്ലയാണ്. 1705 വിദ്യാലയങ്ങൾ ഉള്ളതിൽ 1554 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി മാറ്റിയിട്ടുണ്ട്. ഹരിത വിദ്യാലയ പ്രഖ്യാപനം 1369 വിദ്യാലയങ്ങളിൽ നടന്നിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ 770 വിദ്യാലയങ്ങൾ പരിശോധന നടത്തിയിട്ടുണ്ട്. അതിൽ 766 വിദ്യാലയങ്ങൾ ഹരിത പദവി നേടിയിട്ടുണ്ട്. 629 സ്കൂളുകളിൽ സർട്ടിഫിക്കറ്റ് വിതരണം നടത്തിയിട്ടുണ്ട്. 46 ഗ്രാമപഞ്ചായത്തുകളിലും 2 നഗരസഭകളിലും സമ്പൂർണ്ണ ഹരിത വിദ്യാലയ പ്രഖ്യാപനം നടന്നു.
- ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നഗരസഭയിൽ ഉൾപ്പെട്ട 44 വിദ്യാലയങ്ങളെ ഹരിത വിദ്യാലയമായി

പ്രഖ്യാപിച്ചു.

- ഇടുക്കി ജില്ലയിൽ 520 വിദ്യാലയങ്ങളെ (94.20%) ഹരിത വിദ്യാലയങ്ങൾ ആയി പ്രഖ്യാപിച്ചു
- എറണാകുളം ജില്ലയിൽ ഫെബ്രുവരി മാസത്തിൽ 195 വിദ്യാലയങ്ങൾ ഹരിത വിദ്യാലയ പദവി കരസ്ഥമാക്കി ആകെ 971 സ്ഥാപനങ്ങൾ ഇതിനോടകം ഹരിത പദവി കരസ്ഥമാക്കിയിട്ടുണ്ട്. ഇതോടൊപ്പം ജില്ലയിൽ ഇതുവരെ 842 വിദ്യാലയങ്ങളുടെ ഹരിത വിദ്യാലയം പ്രഖ്യാപനവും നടന്നിട്ടുണ്ട്.
- എറണാകുളം ജില്ലയിൽ മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ 11 സ്കൂളിൽ മാലിന്യ സംസ്കരണം സംബന്ധിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ശുചിത്വോത്സവം നടത്തി.
- പാലക്കാട് ജില്ലയിൽ ഫെബ്രുവരി 15-ന് ചാലിശ്ശേരി ഗ്രാമപഞ്ചായത്തിലെ കവുക്കോട് എം.എം.എ.എൽ.പി.സ്കൂളിനും ജി.എൽ.പി.എസ് സ്കൂളിനും ഹരിത വിദ്യാലയം സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം ബി രാജേഷ് കൈമാറി. 400 പേർ പരിപാടിയിൽ പങ്കെടുത്തു.
- മലപ്പുറം ജില്ലയിൽ 1705 വിദ്യാലയങ്ങളിൽ 1606 വിദ്യാലയങ്ങളെ അസ്സെസ്സ്മെന്റ് പൂർത്തിയായി. ആയതിൽ 1554 സ്ഥാപനങ്ങൾ ഹരിത പദവി കരസ്ഥമാക്കി.
- കാസർഗോഡ് ജില്ലയിൽ 656 വിദ്യാലയങ്ങളിൽ 649 എണ്ണം അസ്സസ്മെന്റ് നടത്തിയതിൽ 638 എണ്ണം ഹരിത പദവി കരസ്ഥമാക്കി. നീലേശ്വരം, പരപ്പ, കാറഡുക്ക ബ്ലോക്കുകളിലും കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകളിലും ഹരിതവിദ്യാലയം പ്രഖ്യാപനം പൂർത്തിയായി.

| ജില്ല | ഹരിത വിദ്യാലയങ്ങൾ | | | | ഹരിത കലാലയങ്ങൾ | | |
|---|---|---|---|---|---|---|---|
| | ആകെ വിദ്യാലയങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ വിദ്യാലയങ്ങളുടെ എണ്ണം | ഹരിത പ്രഖ്യാപനം നടത്തിയ വിദ്യാലയങ്ങൾ | ശതമാനകണക്കിൽ | ആകെ കലാലയങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ കലാലയങ്ങളുടെ എണ്ണം | ശതമാനകണക്കിൽ |
| തിരുവനന്തപുരം | 1163 | 803 | 680 | 58.47% | 150 | 89 | 59.33% |
| കൊല്ലം | 1081 | 1081 | 1081 | 100.00% | 110 | 110 | 100.00% |
| പത്തനംതിട്ട | 812 | 766 | 629 | 77.46% | 51 | 28 | 54.90% |
| ആലപ്പുഴ | 865 | 752 | 602 | 69.60% | 45 | 40 | 88.89% |
| കോട്ടയം | 1051 | 1051 | 986 | 93.82% | 128 | 126 | 98.44% |
| ഇടുക്കി | 552 | 520 | 520 | 94.20% | 67 | 49 | 73.13% |
| എറണാകുളം | 1248 | 971 | 842 | 67.47% | 112 | 68 | 60.71% |
| തൃശ്ശൂർ | 1176 | 1176 | 1129 | 96.00% | 122 | 122 | 100.00% |
| പാലക്കാട് | 1092 | 1030 | 1030 | 94.32% | 106 | 98 | 92.45% |
| മലപ്പുറം | 1705 | 1,554 | 1,369 | 80.29% | 151 | 145 | 96.03% |
| കോഴിക്കോട് | 1381 | 1381 | 1381 | 100.00% | 119 | 103 | 86.55% |
| വയനാട് | 339 | 339 | 339 | 100.00% | 52 | 48 | 92.31% |
| കണ്ണൂർ | 1415 | 1415 | 1415 | 100.00% | 132 | 115 | 87.12% |
| കാസർകോട് | 656 | 638 | 638 | 97.26% | 65 | 65 | 100.00% |
| ആകെ | 14536 | 13477 | 12641 | 86.96% | 1410 | 1206 | 85.53% |

- സംസ്ഥാനത്തെ 1410 കോളേജുകളിൽ വിലയിരുത്തൽ നടത്തി 1206 എണ്ണം ഹരിത കലാലയ പദവിക്ക് അർഹമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 85.53% കലാലയങ്ങൾ ഹരിത കലാലയങ്ങളായിട്ടുണ്ട്.
- ഫെബ്രുവരി മാസം വരെ കൊല്ലം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ 100% കലാലയങ്ങളും ഹരിത കലാലയങ്ങളായിട്ടുണ്ട്. കോട്ടയം, മലപ്പുറം, പാലക്കാട്, വയനാട്, എന്നീ ജില്ലകൾ 90%-ത്തിന് മുകളിൽ കലാലയങ്ങൾ ഹരിത കലാലയങ്ങളായിട്ടുണ്ട്.
- സംസ്ഥാനത്തു ഏറ്റവും കൂടുതൽ കലാലയങ്ങളെ ഹരിത കലാലയങ്ങളായി മാറ്റിയത് മലപ്പുറം ജില്ലയാണ്. 151 കലാലയങ്ങളിൽ 145 കലാലയങ്ങളെ ഹരിത കലാലയങ്ങളായി (96.03%) മാറ്റിയിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ പറക്കോട് ബ്ലോക്കിലെ ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോന്നി ബ്ലോക്കിലെ മാർ ഫിലോക്സിനോസ് Pvt ITI, കോളേജ് ഓഫ് അപ്ലൈഡ് സയൻസ് IHRD, ഇലന്തൂർ

ബ്ലോക്കിലെ മൗണ്ട് സിയോൺ എഞ്ചിനീയറിംഗ് കോളേജ്, മൗണ്ട് സിയോൺ ലോ കോളേജ് എന്നീ കലാലയങ്ങളെ ഹരിത കലാലയങ്ങളായി പ്രഖ്യാപിച്ചു.

- ആലപ്പുഴ ജില്ലയിൽ 45 കലാലയങ്ങളിൽ 40 കലാലയങ്ങളുടെ അസ്സസ്മെന്റ് പൂർത്തിയാക്കി ഹരിത പദവി കരസ്ഥമാക്കുകയും ചെയ്തു, ആയതിൽ 24 പ്രഖ്യാപനം ഇതിനോടകം നടന്നിട്ടുണ്ട്.
- ഇടുക്കി ജില്ലയിൽ 49 കലാലയങ്ങളെ (73.13 %) ഹരിത കലാലയങ്ങൾ ആയി പ്രഖ്യാപിച്ചു.
- എറണാകുളം ജില്ലയിൽ തേവര സേക്രട്ട് ഹാർട്ട് കോളേജിൽ കൺസ്യൂമർ ക്ലബ്ബിന്റെ ഉദ്ഘാടനവും ഹരിത കലാലയ സർട്ടിഫിക്കറ്റ് വിതരണവും ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി ജി.ആർ.അനിൽ നിർവഹിച്ചു. സിനിമാതാരം ഹരിശ്രീ അശോകൻ മുഖ്യാതിഥി ആയിരുന്നു.
- എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ അങ്കമാലി മോണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിനെ ഹരിത കലാലയമായി പ്രഖ്യാപിച്ചു.
- മലപ്പുറം ജില്ലയിൽ 151 കലാലയങ്ങളിൽ 145 കലാലയങ്ങൾ ഹരിതകലാലയ പദവി കരസ്ഥമാക്കി.
- കോഴിക്കോട് ജില്ലയിൽ ഒഞ്ചിയം മടപ്പള്ളി ഗവ. കോളേജിനെ ഹരിത കലാലയമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രഖ്യാപിച്ചു.
- കാസർഗോഡ് ജില്ലയിൽ തിരഞ്ഞെടുത്ത 65 കലാലയങ്ങളും ഹരിതപദവി നേടി 100% കൈവരിച്ചു. കോളേജുകൾ, ഐടിഐകൾ, പോളിടെക്നിക്ക് കോളേജുകൾ, നേഴ്സിംഗ് കോളേജുകൾ എന്നിവയാണ് ഹരിത പദവിക്ക് അർഹമായത്.

### 9.5 ഹരിത ടൂറിസം

- ഫെബ്രുവരി മാസത്തിൽ എല്ലാ ജില്ലകളിലും 75% ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഹരിതടൂറിസം കേന്ദ്രങ്ങളാക്കണം എന്ന ലക്ഷ്യം നൽകിയിരുന്നു. ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 419 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഫെബ്രുവരി മാസം വരെ കേരളത്തിലെ എല്ലാ ജില്ലയിലും ഉൾപ്പെട്ട 127 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ 30.31% ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായിട്ടുണ്ട്.
- ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

| ജില്ല | ഹരിത ടൂറിസം പ്രഖ്യാപിച്ച കേന്ദ്രങ്ങളുടെ എണ്ണം | | | |
|---|---|---|---|---|
| | ടാർഗറ്റ് | ജനുവരി മാസം വരെ | ഫെബ്രുവരി മാസം | ആകെ |
| തിരുവനന്തപുരം | 31 | 5 | 0 | 5 |
| കൊല്ലം | 32 | 16 | 0 | 16 |
| പത്തനംതിട്ട | 7 | 2 | 0 | 2 |
| ആലപ്പുഴ | 16 | 4 | 0 | 4 |
| കോട്ടയം | 29 | 9 | 0 | 9 |
| ഇടുക്കി | 58 | 5 | 0 | 5 |
| എറണാകുളം | 29 | 4 | 2 | 6 |
| തൃശൂർ | 48 | 6 | 4 | 10 |
| പാലക്കാട് | 37 | 17 | 3 | 20 |
| മലപ്പുറം | 38 | 4 | 3 | 7 |
| കോഴിക്കോട് | 29 | 12 | 0 | 12 |
| വയനാട് | 16 | 6 | 2 | 8 |
| കണ്ണൂർ | 34 | 7 | 4 | 11 |
| കാസർഗോഡ് | 15 | 9 | 3 | 12 |
| ആകെ | 419 | 106 | 21 | 127 |

- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്. ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതിയ സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.
- ❖ കൊല്ലം ജില്ലയിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ 6 തദ്ദേശ സ്ഥാപനങ്ങളിൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിലെ ഹരിത ടൂറിസം കേന്ദ്രങ്ങളായ ചീയപാറ, വാളറ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തുകയും അവസ്ഥ പഠനം നടത്തുകയും ചെയ്തു.
- ❖ ഇടുക്കി ജില്ലയിൽ രാജാക്കാട് ഗ്രാമപഞ്ചായത്തിലെ ശ്രീനാരായണപുരം, പൊന്മുടി, കള്ളിമാലി എക്കോ പോയിന്റ്, എക്കോ ടൂറിസം സെന്റർ പൊന്മുടി, തൂക്കുപാലം എന്നീ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തുകയും അവസ്ഥ പഠനം നടത്തുകയും ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ ഫെബ്രുവരി മാസത്തിൽ രണ്ടു കേന്ദ്രങ്ങൾ ആണ് ഹരിത ടൂറിസ പദവി കരസ്ഥമാക്കിയത്. വൈപ്പിൻ ബ്ലോക്കിലെ കുഴുപ്പിള്ളി ബീച്ച് ഹരിത വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിനു മുന്നോടിയായി മെഗാ ക്ലീനിങ് ഡ്രൈവ് സംഘടിപ്പിച്ചു മെഗാ ക്ലീനിങ് ഡ്രൈവ് എറണാകുളം ജില്ല കളക്ടർ എൻ.എസ്.കെ ഉമേഷ് IAS ഫ്ലാഗ് ഓഫ് ചെയ്തു.
- ❖ തൃശ്ശൂർ ജില്ലയിൽ കുന്നംകുളം നഗരസഭയിലെ സെന്റ് ജോർജ് ഓർത്തഡോക്സ് സിറിയൻ പള്ളി, നാട്ടിക ബീച്ച്, ഉത്രാളിക്കാവ് ക്ഷേത്രം, തളിക്കുളം ഗ്രാമപഞ്ചായത്തിലെ സ്നേഹതീരം ബീച്ച് എന്നീ കേന്ദ്രങ്ങളെ ഫെബ്രുവരി മാസം ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.
- ❖ മലപ്പുറം ജില്ലയിൽ വണ്ടൂർ ഗ്രാമപഞ്ചായത്തിലെ നഗരത്തിനകത്തെ ടൗൺ സ്ക്വയർ ടൂറിസം കേന്ദ്രം ഹരിത ടൂറിസം കേന്ദ്രമായി വണ്ടൂർ MLA എ.പി.അനിൽകുമാർ പ്രഖ്യാപിച്ചു.
- ❖ വയനാട് ജില്ലയിലെ സൂചിപ്പാറ വെള്ളച്ചാട്ടം, ചീങ്ങേരി റോക്ക് അഡ്വഞ്ചർ ട്രെക്കിങ്, മുത്തങ്ങ, തോൽപ്പെട്ടി വന്യജീവി സങ്കേതം, ബാണാസുരസാഗർ ഡാം, കാന്തൻ പാറ വെള്ളച്ചാട്ടം എന്നിവിടങ്ങളിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ അസ്സസ്മെന്റ് നടത്തി.
- ❖ വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ മാവിലാം തോട് ലാൻഡ് സ്കേപ്പ് മ്യൂസിയവും അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ വയനാട് ഹെറിറ്റേജ് മ്യൂസിയവും ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.

| ഹരിത ടൂറിസം - ഫെബ്രുവരി | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 71 | 159 | 236 | 183 | 578 | 0 | 0 | 3 | 149 | 3371 | 2080 |

## 9.6 ഇനി ഞാൻ ഒഴുകട്ടെ

കേരളം സമ്പൂർണ്ണ മാലിന്യമുക്തമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ എല്ലാ ജലാശയങ്ങളും ജലസ്രോതസ്സുകളും ശുചിയാക്കിയും നീരൊഴുക്ക് വീണ്ടെടുത്തും സംരക്ഷിച്ചും നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ നീർച്ചാലുകളും മാർച്ച് 30-നോട് കൂടി വൃത്തിയാക്കി നീരൊഴുക്ക് വീണ്ടെടുക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

- ❖ കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെട്ട 5,086 എണ്ണം നീർച്ചാലുകൾ പുനരുജ്ജീവനത്തിനായി ലക്ഷ്യമിട്ടിട്ടുണ്ട്. ഈ കൈവഴികളിൽ ഉൾപ്പെട്ട 4,721.21 കിമീ നീർച്ചാലുകൾ മാലിന്യമുക്തം ജനകീയ കാമ്പയിനിൽ ഉൾപ്പെടുത്തി ശുചീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫെബ്രുവരി മാസം വരെ 2,667.35 കിലോമീറ്റർ നീർച്ചാലുകൾ വീണ്ടെടുത്തിട്ടുണ്ട്.
- ❖ നീർച്ചാൽ ശുചീകരണവുമായി ബന്ധപ്പെട്ട് 1064 ഇടങ്ങളിൽ ഏകദിന ശുചീകരണ പ്രവർത്തനങ്ങൾ

നടന്നിട്ടുണ്ട്. 34,146 ജനങ്ങളുടെ പങ്കാളിത്തം ഏകദിന ശുചീകരണത്തിൽ ഉണ്ടായിട്ടുണ്ട്.

- 673.6 ലോഡ് മാലിന്യം നീക്കം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ നിരപ്പുക്കാല വാർഡിൽ നവീകരണത്തിന്റെ ഭാഗമായി ഇടവാച്ചൽ ഉലയൻകോണം തോട് മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനത്തിന്റെ തുടക്കവും നീർച്ചാൽ നടത്തവും മൂന്നാംഘട്ടം പദ്ധതിയുടെ തദ്ദേശസ്വയംഭരണ സ്ഥാപനതല ഉദ്ഘാടനവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- തിരുവനന്തപുരം ജില്ലയിൽ കിഴുവിലം ഗ്രാമപഞ്ചായത്തിലെ കമുകറ തോട് ജനകീയ വീണ്ടെടുപ്പിന്റെ പഞ്ചായത്ത് തല ഉദ്ഘാടനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- പത്തനംതിട്ട ജില്ലയിൽ 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ഹരിത കേരളം മിഷന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ 112.68 കിലോമീറ്റർ നീളത്തിൽ നീർച്ചാൽ പുനരുജ്ജീവനം നടന്നിട്ടുണ്ട്.
- ഇടുക്കി ജില്ലയിൽ മുൻസിപ്പാലിറ്റിയിലെ കൂമ്പൻകല്ല് തോടിൽ ബഹുജന പങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
- ഇടുക്കി ജില്ലയിൽ ഇടവെട്ടി ഗ്രാമപഞ്ചായത്തിൽ തൊണ്ടിക്കുഴ ചാലംകോട് വലിയ തോട് ശുചീകരണം നടത്തി.
- എറണാകുളം ജില്ലയിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ മുണ്ടുപാടം തോട് നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം വാർഡ് മെമ്പർ നിർവഹിച്ചു.
- തൃശ്ശൂർ ജില്ലയിൽ തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ മുഴുവൻ നീർച്ചാലുകളും വൃത്തിയാക്കി. ലയൻസ് ക്ലബിന്റെ നേതൃത്വത്തിൽ കുത്താമ്പുള്ളി ഭാഗത്തെ നീർച്ചാൽ വൃത്തിയാക്കുകയും ക്യാമറ സ്ഥാപിക്കുകയും ചെയ്തു.
- പാലക്കാട് ജില്ലയിൽ 99.78 കി.മീ നീർച്ചാൽ ശുചീകരണം നടന്നു.
- പാലക്കാട് ജില്ലയിൽ പുഴകളുടെയും നീർച്ചാലുകളുടെയും ജനകീയ വീണ്ടെടുക്കൽ പരിപാടിയുടെ പിരായിരി ഗ്രാമപഞ്ചായത്ത് തല ഉദ്ഘാടനം നെല്ലിപ്പറമ്പ് തോട് വൃത്തിയാക്കികൊണ്ട് പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. 40 പേർ പരിപാടിയിൽ പങ്കെടുത്തു.
- പാലക്കാട് ജില്ലയിൽ ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് തല ഉദ്ഘാടനം സിവിൽ സ്റ്റേഷൻ തോട് വൃത്തിയാക്കികൊണ്ട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് നിർവ്വഹിച്ചു. 32 പേർ പരിപാടിയിൽ പങ്കെടുത്തു.
- കോഴിക്കോട് ജില്ലയിൽ മൂടാടി, മണിയൂർ, ചെക്യാട്, കീഴരിയൂർ, അഴിയൂർ, കുറ്റ്യാടി ഗ്രാമപഞ്ചായത്തുകളിൽ ഇനി ഞാനൊഴുകട്ടെ പ്രവർത്തനം റിപ്പോർട്ട് മാസത്തിൽ നടന്നു. കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ 21 തോടുകളും ഇനി ഞാനൊഴുകട്ടെ പ്രവർത്തനത്തിനായി ഏറ്റടുത്തിട്ടുണ്ട്.

## 9.7 ഹരിത KSRTC

- എറണാകുളം ജില്ലയിൽ മാലിന്യമുക്ത പദ്ധതിയുടെ ഭാഗമായി കൊച്ചി കോർപറേഷൻ, അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ പൂചെട്ടികൾ വച്ച് സൗന്ദര്യ വൽകരണ പ്രവർത്തനങ്ങൾ നടത്തി.
- പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി, റാന്നി, അടൂർ, പന്തളം എന്നീ ഡിപ്പോകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. അടൂർ, പന്തളം ഡിപ്പോകളിൽ ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു.
- പത്തനംതിട്ട ജില്ലയിൽ പന്തളം ഡിപ്പോയിൽ എൻഎസ്എസ് കുട്ടികളെ കൊണ്ട് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ വാൾ പെയിന്റിംഗ്സ് ചെയ്തു.

## 9.8 ഹരിത സഭ

മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുതുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത സഭയുടെ ഏകോപനം ഹരിത കേരളം മിഷനും ശുചിത്വ

മിഷനും ചേർന്ന് ഉറപ്പാക്കിയിരുന്നു. പുതുതലമുറകളിൽ മാലിന്യ നിർമാർജനത്തെ കുറിച്ച് അവബോധം കൊണ്ടുവരാനും മാലിന്യമുക്തം നവകേരളത്തിന് പുതിയ ആശയങ്ങൾ സംഭാവന ചെയ്യാനും വിദ്യാർത്ഥികൾക്ക് അവസരം സൃഷ്ടിക്കുന്ന വേദിയായി ഹരിത സഭ.

ശുചിത്വ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ മാതൃകകളായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റുന്നതിനും മാലിന്യ സംസ്കരണ സംവിധാനങ്ങൾ വിദ്യാലയങ്ങളിൽ ഉണ്ടെന്ന് ഉറപ്പു വരുത്തണം ഇല്ലാത്ത പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ സംവിധാനങ്ങൾ ഉറപ്പു വരുത്തുന്നതിനും ഹരിത സഭ പ്രയോജനപ്പെട്ടു. ശുചിത്വ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഗുണദോഷങ്ങൾ കുട്ടികളിലൂടെ സമൂഹത്തിനു പകർന്ന് നൽകുവാൻ ഹരിത സഭയ്ക്കു കഴിഞ്ഞിട്ടുണ്ട്.

- ❖ നവംബർ 14-ന് തുടങ്ങി ജനുവരി മാസത്തോടെ 912 തദ്ദേശ സ്ഥാപനങ്ങളിലും കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചിട്ടുണ്ട്. ഉപതിരഞ്ഞെടുപ്പ് നടന്ന ജില്ലകളിൽ ജനുവരി മാസത്തിലും ഹരിത സഭ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.
- ❖ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി തദ്ദേശ സ്ഥാപന പരിധിയിലെ എല്ലാ വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികൾക്ക് അവസരം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 11,126 വിദ്യാലയങ്ങൾ ഹരിത സഭയിൽ പങ്കാളിയായി. ഇതിൽ 4,226 സർക്കാർ സ്കൂളുകളും, 5,407 എയ്ഡഡ് സ്കൂളുകളും ആൺഎയ്ഡഡ് മേഖലയിലെ 1,393 സ്കൂളുകളും 25 കേന്ദ്രിയ വിദ്യാലയങ്ങളും പങ്കെടുത്തിട്ടുണ്ട്. 1,29,001 കുട്ടികൾ സജീവമായി ഹരിത സഭയിൽ പങ്കാളിയായി. 30,077 അധ്യാപകരും ഹരിത സഭയിൽ പങ്കെടുത്തു. ഹരിത സഭയുടെ ഭാഗമായി കുട്ടികൾ മാലിന്യ സംസ്കരണ രംഗത്തെ അവരവരുടെ സ്കൂളിലെ വിവിധ മാതൃകകളും, അവർ നിരീക്ഷിച്ച മാലിന്യ സംസ്കരണ രംഗത്തെ പ്രശ്നങ്ങളും റിപ്പോർട്ടായി സഭയിൽ അവതരിപ്പിച്ചു. 11,098 റിപ്പോർട്ടുകളാണ് 912 ഹരിത സഭകളിലായി അവതരിപ്പിച്ചത്.

| ജില്ലാ | തദ്ദേശ സ്ഥാപങ്ങളുടെ എണ്ണം | സംഘടിപ്പിച്ച തദ്ദേശ സ്ഥാപങ്ങളുടെ എണ്ണം | ഹരിതസഭയിൽ പങ്കെടുത്ത സ്കൂളുകളുടെ എണ്ണം | | | | | പങ്കെടുത്ത കുട്ടികളുടെ എണ്ണം | പങ്കാളിത്തം- അധ്യാപകർ, മറ്റ് ഉദ്യോഗസ്ഥർ | അവതരിപ്പിച്ച റിപ്പോർട്ടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| | | | ഗവണ്മെന്റ് | എയ്ഡഡ് | അൺഎയ്ഡഡ് | കേന്ദ്രീയ വിദ്യാലയം | ആകെ | | | |
| തിരുവനന്തപുരം | 78 | 78 | 520 | 263 | 117 | 0 | 900 | 11800 | 2521 | 888 |
| കൊല്ലം | 73 | 69 | 430 | 331 | 112 | 0 | 902 | 9937 | 2031 | 1006 |
| പത്തനംതിട്ട | 57 | 56 | 238 | 389 | 61 | 3 | 666 | 7010 | 2100 | 643 |
| ആലപ്പുഴ | 78 | 76 | 350 | 256 | 89 | 2 | 697 | 10712 | 2148 | 745 |
| കോട്ടയം | 77 | 76 | 325 | 440 | 93 | 4 | 862 | 11081 | 2137 | 745 |
| ഇടുക്കി | 54 | 48 | 190 | 207 | 50 | 0 | 447 | 7860 | 1712 | 483 |
| എറണാകുളം | 96 | 91 | 309 | 343 | 186 | 1 | 839 | 11466 | 2342 | 830 |
| തൃശ്ശൂർ | 94 | 94 | 281 | 618 | 153 | 4 | 1056 | 13590 | 3837 | 1076 |
| പാലക്കാട് | 95 | 54 | 218 | 292 | 105 | 2 | 617 | 7311 | 2037 | 668 |
| മലപ്പുറം | 106 | 71 | 377 | 510 | 71 | 2 | 960 | 9437 | 2142 | 985 |
| കോഴിക്കോട് | 78 | 63 | 249 | 655 | 116 | 2 | 1094 | 7805 | 2054 | 1029 |
| വയനാട് | 26 | 14 | 110 | 30 | 31 | 0 | 171 | 1155 | 204 | 171 |
| കണ്ണൂർ | 81 | 81 | 313 | 881 | 166 | 5 | 1365 | 14133 | 3611 | 1282 |
| കാസറഗോഡ് | 41 | 41 | 316 | 192 | 43 | 0 | 550 | 5704 | 1201 | 547 |
| TOTAL | 1034 | 912 | 4226 | 5407 | 1393 | 25 | 11126 | 129001 | 30077 | 11098 |

- ❖ തൃശ്ശൂർ ജില്ലയിൽ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ കുട്ടികളുടെ ഹരിത സഭ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം നിർവഹിച്ചു. ഇതോടെ ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കുട്ടികളുടെ ഹരിത സഭ പൂർത്തിയായി.

## 10. അഞ്ചുനാട് പരിസ്ഥിതി പുന:സ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും - തുടർ പ്രവർത്തനങ്ങൾ)

### 10.1 ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണം

- ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾക്കായി ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രത്യേക യോഗം വിളിക്കുകയും നിലവിലെ പരിമിതികളും പ്രതിസന്ധികളും ചർച്ച ചെയ്യുകയും ചെയ്തു. ഇതിന്റെ പശ്ചാത്തലത്തിൽ മുൻപോട്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുകൊണ്ട് വിശദമായ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കി. പഞ്ചായത്ത് കമ്മിറ്റിയിൽ ഈ നിർദ്ദേശങ്ങൾ സമഗ്രമായി അവതരിപ്പിക്കുകയും അതിന്മേൽ വിശദമായ ചർച്ചയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു.
- അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, നിലവിലെ സൗകര്യങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്കരണം മുന്നോട്ടു കൊണ്ടുപോവുക, ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, ശുചീകരണ തൊഴിലാളികളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക, യൂസർ ഫീ പിരിച്ചെടുക്കുന്നതിനുള്ള സമഗ്രമായ ഇടപെടലുകൾ നടത്തുക, പ്രത്യേക പ്രാദേശിക ക്യാമ്പയിൻ സംഘടിപ്പിച്ച് ജനങ്ങളിൽ മാലിന്യ സംസ്കരണത്തോടുള്ള സഹകരണ മനോഭാവം വളർത്തുക തുടങ്ങിയവയായിരുന്നു പ്രധാന നിർദ്ദേശങ്ങൾ. ഇതിന്റെ ആദ്യപടി എന്നോണം ഹരിത കർമ്മ സേനാംഗങ്ങളെ വിളിച്ചുചേർത്ത് മാലിന്യം തരംതിരിക്കുന്നതിന് പ്രത്യേക പരിശീലനം നൽകി. തരംതിരിച്ച മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്യുന്നതിനായി ഹിൽദാരി എന്ന ഹരിത സഹായ സ്ഥാപനത്തെ പഞ്ചായത്തുമായി ബന്ധിപ്പിച്ചു.

### 10.2 വട്ടവട ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണം

- വട്ടവട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുമായി വിശദമായ ചർച്ച നടത്തുകയും നിലവിലെ പ്രതിസന്ധികളും അപാകതകളും മുൻപോട്ടുള്ള സാധ്യതകളും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും. അനുബന്ധമായി ഫീൽഡ് സന്ദർശനങ്ങൾ നടത്തുകയും ചെയ്തു. ഈ പ്രവർത്തനങ്ങളിൽ നിന്ന് രൂപീകരിച്ച നിരീക്ഷണങ്ങൾ, ഗ്രാമ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ ആക്ഷൻ പ്ലാനിലേക്ക് കൂട്ടിച്ചേർത്തു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, ഹരിതകർമ്മ സേന അംഗങ്ങളുടെ കാര്യശേഷി വികസനം, ടൂറിസവുമായി ബന്ധപ്പെട്ട മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കൽ, ജനവാസ മേഖലകളിലെ അഴുക്കുവെള്ളം സംസ്കരിക്കുന്നതിനുള്ള മാർഗങ്ങൾ ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങളാണ് ആക്ഷൻ പ്ലാനിൽ പ്രധാനമായും ഉൾപ്പെടുത്തിയത്. ഇതിന്റെ തുടർച്ചയായി വീണ്ടും ഗ്രാമപഞ്ചായത്ത് സന്ദർശിക്കുകയും ആദ്യപടി എന്നോണം സമ്പൂർണ്ണ ശുചീകരണ യജ്ഞവും, ബോധവൽക്കരണ പ്രവർത്തനങ്ങളും, ഹരിത കർമ്മ സേനയ്ക്ക് മാലിന്യം തരംതിരിക്കുന്നതിനുള്ള പരിശീലനവും നൽകാൻ ധാരണയായി.

### 10.3 മൂന്നാർ ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണം

- മൂന്നാർ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സർവകക്ഷി യോഗത്തിൽ പങ്കെടുക്കുകയും മെഗാ ക്ലീനപ്പ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കല്ലാറിൽ ആർ ആർ എഫ് സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. മൂന്നാറിനെ 16 ക്ലസ്റ്ററുകളാക്കി തിരിച്ച്, ഓരോ ക്ലസ്റ്ററിലെയും മാലിന്യ നിക്ഷേപ ഇടങ്ങൾ കണ്ടെത്തി, പ്രത്യേക പരിഗണന സ്ഥലങ്ങൾ നിശ്ചയിച്ച് ആണ് ക്ലീൻ അപ്പ് മുന്നോട്ടു കൊണ്ടുപോകുന്നത്. മൂന്നാറിലെ വിവിധ സന്നദ്ധ സംഘടനകളുടെയും, സ്ഥാപനങ്ങളുടെയും, ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ വിപുലമായ ജനകീയ പങ്കാളിത്തത്തിൽ ഊന്നിയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ മേഖലകളിലെയും ശുചീകരണം കാര്യക്ഷമമാക്കുന്നതിന് മാർച്ച് മാസത്തിൽ 10 ദിവസം നീണ്ടുനിൽക്കുന്ന ശുചീകരണ യജ്ഞമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

### 10.4 അടിമാലി ഗ്രാമപഞ്ചായത്ത് - തെരുവപ്പുൽ കൃഷി

- ❖ അടിമാലി ഗ്രാമപഞ്ചായത്തിലെ എട്ട് കർഷകർക്കാണ് CIMAP വഴി ഒരു ലക്ഷത്തോളം തെരുവാപുൽ തൈകൾ ലഭ്യമാക്കിയത്. തൈകൾ വിതരണം ചെയ്ത വാളറയിലെ കർഷകരുടെ തെരുവപ്പുൽ തോട്ടങ്ങൾ സന്ദർശിച്ചു. 4 കർഷകർ തൈകൾ മുഴുവനായും നട്ടു കഴിഞ്ഞു. രണ്ടു കർഷകർ ഭാഗികമായി നടീൽ പൂർത്തിയാക്കി. രണ്ടു കർഷകർ ആരോഗ്യപരമായ കാരണങ്ങളാൽ നടീൽ ആരംഭിച്ചിട്ടില്ല. നടീൽ ആരംഭിക്കാത്ത കർഷകരും ഭാഗികമായി നടീൽ പൂർത്തീകരിച്ച കർഷകരും ബാക്കിയുള്ള തൈകൾ തണലുള്ള സ്ഥലങ്ങളിൽ പ്രത്യേക രീതിയിൽ നട്ട് വെള്ളം നനച്ച് സൂക്ഷിക്കുന്നുണ്ട്. തെരുവ പുൽ കൃഷിക്ക് ആളൊന്നിന് 4000 രൂപ വെച്ച് സാമ്പത്തിക അനുകൂല്യം ലഭ്യമാക്കാനുള്ള ഇടപെടലുകൾ കൃഷിഭവൻ മുഖാന്തിരം നടത്തിയിരുന്നു. ഇതിലൂടെ ആകെ 32000 രൂപയുടെ സാമ്പത്തിക സഹായം ഈ കർഷകർക്ക് ലഭ്യമാക്കാനായി.

### 10.5 അടിമാലി ഗ്രാമപഞ്ചായത്ത് - കട്ടമുടി കുഞ്ചിപെട്ടിക്കുടി പാടശേഖരം

- ❖ കട്ടമുടിയിലെ കർഷകരുമായി ചർച്ച നടത്തി, കുഞ്ചിപ്പെട്ടി അരി കൂടുതൽ വിപണനം നടത്തുന്നതുമായി ബന്ധപ്പെട്ട് ധാരണയിൽ എത്തി. ഇതുപ്രകാരം തദ്ദേശീയ ദിനാഘോഷം, സംസ്ഥാന വിത്ത് ഉത്സവം തുടങ്ങിയവയ്ക്കായി കുഞ്ചിപ്പെട്ടി അരി ലഭ്യമാക്കാനുള്ള ഏർപ്പാടുകൾ ചെയ്തു. ഫെബ്രുവരി മാസം 120 കിലോ അരി വിപണിയിലെത്തിച്ചു.
- ❖ കൃഷിക്കുള്ള വിവിധ സബ്സിഡികൾ നൽകാൻ ആരംഭിച്ച മാസമായിരുന്നു കഴിഞ്ഞുപോയത്. കട്ടമുടിയിലെ മുഴുവൻ കക്ഷകർക്കും വിവിധ കാർഷിക സബ്സിഡിയും ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തി. ഇതിന്റെ ഭാഗമായി 2.4 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം കർഷകരിൽ എത്തിക്കാൻ സാധിച്ചു.
- ❖ കട്ടമുടി പാടശേഖരത്തിൽ വേനൽക്കാലത്ത് ഉയർന്ന കണ്ടങ്ങളിൽ വെള്ളത്തിന്റെ ദൗർലഭ്യം കൂടുതലാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പ്രധാന തോടിൽ ഉയർന്ന ഭാഗത്ത് ബ്രഷ് ഫുഡ് ചെക്ക് ഡാം നിർമ്മിച്ച്, സൈഡ് കനാലുകൾ വൃത്തിയാക്കി, ഉയർന്ന നെൽക്കണ്ടങ്ങളിൽ ഈ സൈഡ് കനാലുകളിലൂടെ വെള്ളം എത്തിച്ചു. ശാശ്വതമായ പരിഹാരത്തിനായി ചെറുകിട ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി “കരുതലും കൈത്താങ്ങ് “അദാലത്തിലൂടെ പാടശേഖര സമിതി വഴി പരാതി നൽകുകയും, ഇതേത്തുടർന്ന് ഇറിഗേഷൻ അസിസ്റ്റൻറ് എൻജിനീയർ എത്തി സൈറ്റ് പരിശോധന നടത്തി 28 ലക്ഷം രൂപയുടെ സിമന്റ് ചെക്ക് ഡാമിനുള്ള പ്രൊപോസൽ സമർപ്പിക്കുകയും ചെയ്തു. ഈ പ്രവർത്തികൾ വേഗത്തിൽ ആക്കുന്നതിന് വേണ്ട ഇടപെടലുകൾ സമയബന്ധിതമായി നടത്തി.
- ❖ കട്ടമുടിയിലേക്ക് പട്ടിക വർഗ്ഗ വികസന വകുപ്പ് നൽകാമെന്ന് പ്രഖ്യാപിച്ച 7 ലക്ഷം രൂപയുടെ വിവിധ കാർഷിക ഉപകരണങ്ങളുടെ പദ്ധതി സംബന്ധിച്ച നടപടി സ്വീകരിച്ചു .. ഇത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിൽ കളക്ടർ ഈ കാർഷികോപകരണങ്ങളുടെ മെയിൻറനൻസ്, പരിശീലനം എന്നിവ സംബന്ധിച്ച പ്രൊപ്പോസൽ നൽകാൻ കൃഷിവകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള വിശദമായ കരട് പ്രൊപ്പോസൽ തയ്യാറാക്കി കൃഷിവകുപ്പിന് നൽകി. പ്രസ്തുത പ്രൊപ്പോസലുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നുവന്ന ചോദ്യങ്ങൾക്കെല്ലാം മറുപടികളും അനുബന്ധ രേഖകളും നൽകുന്നതിന് ആവശ്യമായ ഇടപെടൽ നടത്തി.
- ❖ കണ്ണൂരിൽ വച്ച് നടന്ന കേരള പഠന കോൺഗ്രസിൽ അടിമാലി ഗ്രാമപഞ്ചായത്തിലെ കട്ടമുടി കുഞ്ചിപെട്ടിക്കുടി പാടശേഖരം പ്രവർത്തനങ്ങളെക്കുറിച്ചുള്ള വീഡിയോ ഡോക്യുമെൻററിയും പ്രബന്ധവും അവതരിപ്പിച്ചു.

### 10.6 അടിമാലി ഗ്രാമപഞ്ചായത്ത് - കൊരങ്ങാട്ടി പാടശേഖരം

- ❖ കൊരങ്ങാട്ടി പാടശേഖരത്തിൽ കഴിഞ്ഞ സീസണിൽ (ജൂലൈ മുതൽ ഡിസംബർ) 4 ഏക്കറിലാണ് കൃഷിയിറക്കിയത്. ഇതുവരെ ഈ സീസണിൽ മാത്രമാണ് കൃഷി ചെയ്തിരുന്നത്. കുരങ്ങാട്ടി പാടശേഖരത്തിലെ ജലസേചന പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രധാന തോടിന്റെ വീതി

കൂട്ടുന്ന പ്രവർത്തി പൂർത്തിയായി. ഇതോടെ തടസ്സമില്ലാത്ത നീരൊഴുക്കാണ് തോട്ടിലുള്ളത്. ഇത് പ്രയോജനപ്പെടുത്തി ചെറിയ തടയണ നിർമ്മിച്ച് കൃഷിയിടത്തിലേക്ക് വെള്ളം എത്തിച്ചു ഇപ്രാവശ്യം രണ്ടാം സീസണിലും (ഫെബ്രുവരി മുതൽ മെയ്) കൃഷിയിറക്കിയിട്ടുണ്ട്. രണ്ടാം സീസണിൽ 3 ഏക്കറോളം സ്ഥലത്ത് നെൽകൃഷി ആരംഭിച്ചിട്ടുണ്ട്. മൂന്നുമാസം കൊണ്ട് വിളയുന്ന മനു വർണ്ണ എന്ന നെല്ലാണ് വിതച്ചിട്ടുള്ളത്.

## 11. ഗ്രീൻ പ്രോട്ടോകോൾ

- തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് ശ്രീ പണിമൂല ദേവീക്ഷേത്രത്തിന് ഹരിത ചട്ട പാലനത്തിന്റെ എല്ലാ ഘടകങ്ങളും നടപ്പിലാക്കിയതിന് ഹരിത കേരളം മിഷന്റെ ഗ്രീൻ സർട്ടിഫിക്കറ്റ് നൽകി.
- എറണാകുളം ജില്ലയിൽ എറണാകുളം ശിവ ക്ഷേത്രത്തിൽ നടന്ന പ്രസാദം ഊട്ടു പൂർണ്ണമായും ഹരിതച്ചട്ടം പാലിച്ചാണ് നടപ്പിലാക്കി.
- എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയിൽ ശിവരാത്രി മഹോൽത്സവം ഹരിതച്ചട്ടം പാലിച്ചാണ് നടപ്പിലാക്കി.
- എറണാകുളം ജില്ലയിൽ വൈപ്പിൻ ബ്ലോക്ക് പള്ളത്താൻകുളങ്ങര താലപ്പൊലി ഹരിതച്ചടം പ്രകാരം നടത്തി.
- എറണാകുളം ജില്ലയിൽ സെന്റ്. സേവിയേഴ്സ് കോളേജ് ആലുവയിൽ മാലിന്യ സംസ്കരണം, പ്രശ്നങ്ങൾ, വെല്ലുവിളികൾ, സാധ്യതകൾ എന്നീ വിഷയത്തിൽ ഗ്രീൻ ടോക്ക് നടത്തി.
- എറണാകുളം ജില്ലയിൽ സുവിധ ആയുർവേദ ഡിസ്പെൻസറികളിലെയും ആയുർവേദ ആശുപത്രികളിലെയും ഡോക്ടർമാർക്ക് ഡിഎംഒയുടെ നേതൃത്വത്തിൽ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് ഹരിത സംവാദം സംഘടിപ്പിച്ചു. 140 ഡോക്ടർമാർ ക്ലാസിൽ പങ്കെടുത്തു.

## 12. തനത് പ്രവർത്തനങ്ങൾ

### ഹരിതഗ്രന്ഥാലയം

- മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ഹരിതഗ്രന്ഥാലവുമായി ബന്ധപ്പെട്ട് താലൂക്ക്തല യോഗങ്ങൾ പൂർത്തിയായിട്ടുണ്ട്. നേതൃസമിതി യോഗങ്ങൾ 28 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തീകരിച്ചു. ബാക്കിയുള്ള നേതൃസമിതി യോഗങ്ങൾ കൂടി ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനുള്ള നടപടി സ്വീകരിച്ചു. ഹരിതഗ്രന്ഥാലയം ലൈബ്രറിതല ശിൽപ്പശാലകൾ സമയബന്ധിതമായി പൂർത്തീയാക്കി മാർച്ച് 19 ന് പ്രഖ്യാപനം നടത്തും വിധത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 28.02.2025 വരെ കരാറിലേർപ്പെട്ട 5,44,109 ഗുണഭോക്താക്കളിൽ 4,32,159 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ / വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്) - (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 4,56,248 | 3,51,193 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 32,819 | 27,360 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,44,109** | **4,32,159** |

**2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ**

**വ്യക്തിഗത ഭവനം**

| | | |
|---|---|---|
| ഭൗതികലക്ഷ്യം 2024-25 (ബജറ്റ് പ്രഖ്യാപനം) | - | 1,00,000 |
| 2023-24-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - | 1,00,052 |
| 2024-25-ൽ പുതിയതായി കരാറിലേർപ്പെട്ടവർ | - | 40,499 |
| **ആകെ** | - | **1,40,551** |
| 2024-25 വർഷം പൂർത്തീകരിച്ച വീടുകൾ | - | 28,601 |
| പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - | 1,11,950 |

| | | |
|---|---|---|
| റൂഫ് | - | 16,113 |
| ലിന്റിൽ | - | 15,030 |
| ബേസ്മെന്റ് | - | 17,309 |
| നിർമ്മാണം ആരംഭിച്ചവർ | - | 48,484 |
| നിർമ്മാണം ആരംഭിക്കാത്തവ | - | 15,014 |
| **ആകെ** | **-** | **1,11,950** |

| 2024 ജനുവരി വരെ | 2024 ഫെബ്രുവരി മാസം | 2024 ഫെബ്രുവരി വരെ |
|---|---|---|
| **4,29,425** | **2,734** | **4,32,159** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 5,622 കുടുംബങ്ങളിൽ 3,377 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | **3,66,590** |
| **ഭൂരഹിത ഭവനരഹിതർ** | **1,94,964** |
| **ആകെ** | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 28.02.2025 വരെ 1,15,569 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

| 2024 ജനുവരി വരെ | 2024 ഫെബ്രുവരി മാസം | 2024 ഫെബ്രുവരി വരെ |
|---|---|---|
| 1,13,064 | 2,505 | 1,15,569 |

## മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 28.02.2025 വരെ 2176.582 സെന്റ് (21.76 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് / ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച **മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ** ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിന്റെ **MoU** ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11.12.2024-ന് ഒപ്പിട്ടിട്ടുണ്ട്. അതിൻപ്രകാരം ഭൂമി കണ്ടെത്തിയ 308 ഗുണഭോക്താക്കളുടെ രേഖകൾ കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷന് നൽകിയിട്ടുണ്ട്. അതിദരിദ്ര്യരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 672 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിൽ 117 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി, രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്.

## ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച MoUþൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ, കടക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും ലൈഫ് മിഷനും ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക് 318-എ ഡിസ്ട്രിക് ഗവർണറും ഒപ്പുവെയ്ക്കുകയുണ്ടായി. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ 15 ഭവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 10 ഭവനങ്ങളും, ഒരു അമ്നിറ്റി സെന്ററും ടി പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

കടയ്ക്കൽ, കിളിമാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന 25 വീതം വീടുകളുടെ ശിലാസ്ഥാപനം 2025 ജനുവരി 9-ന് അതത് ഗ്രാമപഞ്ചായത്തുകളിൽ വെച്ച് തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷ് നിർവ്വഹിച്ചു.

## ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പാർട്ട്ണർഷിപ്പിലൂടെ 2 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ഒരു ഭവനസമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

നവകേരളം കർമ്മപദ്ധതി II, വിദ്യാകിരണം മിഷന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട്, എം.എൽ.എ. ഫണ്ടുകൾ, മറ്റ് ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തി ഭൗതികസൗകര്യ വികസനം നടത്തുന്നു. 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. ഇത് പ്രയോജനപ്പെടുത്തി നടത്തിയ ഭൗതികസൗകര്യ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5കോടി | 141 | 139 | 2 |
| 3 കോടി | 386 | 182 | 204 |
| 1 കോടി | 446 | 198 | 248 |
| **ആകെ** | **973** | **519** | **454** |

- തിരുവനന്തപുരം ജില്ലയിൽ 24-02-2025 ന് ജി.എച്ച്.എസ്.എസ് കൊടുവഴന്നൂരിൽ 3.9 കോടിരൂപയുടെ സ്കൂൾ കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം ബഹുമാനപ്പെട്ട ആറ്റിങ്ങൽ എം.എൽ.എ ശ്രീമതി. ഒ അംബിക നിർവ്വഹിച്ചു.
- കൊല്ലം ജില്ലയിൽ ജി എസ് എം വി എൽ പി എസ് തേവലക്കരയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും അനുവദിച്ച ഒരു കോടി രൂപയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ തറക്കല്ലിടിൽ 28.02.2025 ന് നടന്നു. ചവറ എം.എൽ.എ ഡോ.സുജിത് വിജയൻപിള്ള നിർവ്വഹിച്ചു.
- കോട്ടയം ജില്ലയിൽ കിഫ്ബി ഫണ്ട് ഒരു കോടി മുപ്പത് ലക്ഷവും എം.എൽ.എ ഫണ്ട് പതിനഞ്ച് ലക്ഷവും ഉപയോഗിച്ച് നിർമ്മിച്ച ഗവ.ജി.എച്ച്.എസ്.എസ് കുറിച്ചി സ്കൂൾ കെട്ടിടം ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ വി. ശിവൻകുട്ടി ഓൺലൈനായി 27.02.2025 ന് നിർവ്വഹിച്ചു.
- കുലശേഖരമംഗലം ജി എച്ച് എസ് എസ് പുതിയ ഹൈസ്കൂൾ കെട്ടിട നിർമ്മാണ ശിലാസ്ഥാപനം ബഹു. വൈക്കം എംഎൽഎ ശ്രീമതി സി കെ ആശ നിർവ്വഹിച്ചു. കിഫ്ബി ഫണ്ട് ഒരു കോടി മുപ്പത് ലക്ഷം രൂപ ഉപയോഗിച്ച് കിലയാണ് കെട്ടിട നിർമ്മാണം നടത്തുന്നത്.
- തൃശ്ശൂർ ജില്ലയിൽ 3 കോടി 30 ലക്ഷം രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പട്ടിക്കാട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നിർമിച്ച അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ബഹുനില സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം 2025 ഫെബ്രു. 21 ന് ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ വി ശിവൻകുട്ടി ഓൺലൈനായി നിർവഹിച്ചു.
- വി. ആർ. സുനിൽകുമാർ എം. എൽ എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 80 ലക്ഷം രൂപ ചിലവഴിച്ചു നിർമ്മിച്ച മാള ഗവ: മോഡൽ എൽ. പി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ഫെബ്രുവരി 21 ന് നടന്നു.
- മേലഡൂർ ഗവൺമെൻറ് എൽ പി സ്കൂളിൽ ഒരുകോടി രൂപ ഉപയോഗിച്ച് നിർമിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ഫെബ്രുവരി 21 ന് നടന്നു.
- ജി യു പി എസ് ആശാരിക്കാട് ഒരു കോടി രൂപ ചെലവഴിച്ച് നിർമിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം ഫെബ്രുവരി 21ന് ബഹു. വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി നിർവഹിച്ചു.
- 14.02.2025-ന് GBUPS തത്തമംഗലം കിഫ്ബി ഫണ്ട് 1.3 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടോദ്ഘാടനം ബഹു: വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കൃഷ്ണൻകുട്ടി നിർവ്വഹിച്ചു. STARS പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ച വർണ്ണക്കൂടാരം പ്രീ സ്കൂൾ ക്ലാസ്സ് മുറി ബഹു: ലോക് സഭാ അംഗം ശ്രീ. കെ.രാധാകൃഷ്ണൻ നിർവ്വഹിച്ചു.

- വയനാട് ജില്ലയിൽ ജി.ടി.എച്ച്.എസ്.എടത്തന ഗവൺമെന്റ് ട്രൈബൽ ഹയർസെക്കണ്ടറി സ്കൂൾ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 14/02/2025 ന് ബഹു. പട്ടികജാതി-പട്ടികവർഗ - പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി ശ്രീ ഒ ആർ കേളു നിർവഹിച്ചു. 140 ലക്ഷം രൂപയുടെ പ്ലാൻ ഫണ്ടിൽ നിർമിച്ച സ്കൂൾ കെട്ടിടമാണിത്. മൂന്ന് ഹയർസെക്കണ്ടറി ക്ലാസ് റൂമുകൾ, ലാബ്, ഓഫീസ്, സ്റ്റാഫ് റൂം, പെൺകുട്ടികൾക്കുള്ള റെസ്റ്റ് റൂം, ടോയ്ലെറ്റ് ബ്ലോക്കുകൾ എന്നിവ ഉൾപ്പെട്ടതാണ് പുതിയ കെട്ടിടം.
- 50 ലക്ഷം രൂപയുടെ പ്ലാൻ ഫണ്ടിൽ നിർമ്മിച്ച ജി യു പി എസ് പെരിന്തട്ട സ്കൂൾ കെട്ടിട ഉദ്ഘാടനം 22/02/2025ന് ബഹു. പട്ടികജാതി-പട്ടികവർഗ - പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി ശ്രീ ഒ ആർ കേളു നിർവഹിച്ചു.
- 140 ലക്ഷം രൂപയുടെ പ്ലാൻ ഫണ്ടിൽ നിർമിച്ച ജി.എൽ.പി.എസ് ചേമ്പിലോട് സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം 23/02/2025 ന് ബഹു. പട്ടികജാതി - പട്ടികവർഗ - പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി ശ്രീ ഒ ആർ കേളു നിർവഹിച്ചു.
- കണ്ണൂർ ജില്ലയിലെ ടാഗോർ വിദ്യാനികേതൻ ഗവ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് കിഫ്ബി ഫണ്ടിൽ നിന്നും അനുവദിച്ച 3 കോടി 90 ലക്ഷം രൂപ ചെലവഴിച്ച് 17 ക്ലാസ് മുറികളുള്ള പുതുതായി നിർമ്മിച്ച മൂന്ന് നില കെട്ടിടം തളിപ്പറമ്പ് എം എൽ എ എം വി ഗോവിന്ദൻ മാസ്റ്റർ 22.02.2025 ന് ഓൺലൈനായി ഉദ്ഘാടനം ചെയ്തു.
- കണ്ണൂർ ജില്ലയിൽ ചേലോറ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഒരുകോടി 30 ലക്ഷം രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിച്ച മൂന്ന് നില കെട്ടിടത്തിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി 16 /2/2025 ന് നിർവഹിച്ചു.
- പെരളശ്ശേരി എ കെ ജി സ്മാരക ഹയർ സെക്കണ്ടറി സ്കൂളിൽ 3 കോടി 90 ലക്ഷം രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിച്ച നാല് നില കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ 16.02.2025 ന് നിർവ്വഹിച്ചു.
- മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തോലമ്പ്ര പൂവംപൊയിൽ സ്കൂളിൽ 1 കോടി 44 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു.വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി 23.02.2025 ന് ഓൺലൈനായി നിർവ്വഹിച്ചു.
- മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മാലൂർ ശിവപുരം ഗവ. എൽ പി സ്കൂളിന്റെ പുതിയ കെട്ടിടം സ്പീക്കർ എ എൻ ഷംസീർ 23.02.2025 ന് ഉദ്ഘാടനം ചെയ്തു. 1 കോടി 23 ലക്ഷം രൂപ ചെലവിലാണ് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയത്.

## അക്കാദമിക പ്രവർത്തനങ്ങൾ

### സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

- സമഗ്ര ഗുണമേന്മാ വിദ്യഭ്യാസ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 18.02.2025 ജവഹർ സഹകരണ ഭവൻ, ജഗതി, തിരുവനന്തപുരത്ത് ബഹു: നിയമസഭാ സ്പീക്കർ ശ്രീ എ.എൻ ഷംസീർ നിർവ്വഹിച്ചു. പദ്ധതിരേഖ അവതരണം, ജില്ലാതല ചർച്ച, ക്രോഡീകരണം എന്നിവ നടന്നു. പൊതു വിദ്യാഭ്യാസ മേഖലയിൽ വലിയ ജനപങ്കാളിത്തത്തോടെ നേടിയെടുത്ത സമീപകാല അനുഭവങ്ങളെ നിലനിർത്തുന്നതിന് വിദ്യാഭ്യാസരംഗത്ത് അർത്ഥപൂർണ്ണമായ സമൂഹപങ്കാളിത്തവും സർക്കാർ ഇടപെടലും അനിവാര്യമാണ്. സ്കൂളുകളിലെ അക്കാദമിക മികവുകളുടെ അടിസ്ഥാനം ഓരോ വിദ്യാലയത്തിലെയും കുട്ടികൾക്ക് പൊതുവായി ഉണ്ടാകുന്ന മുന്നേറ്റമാണ്. ഇതിന് കഴിയണമെങ്കിൽ ഓരോ കുട്ടിയിലും അന്തർലീനമായ കഴിവുകൾ കണ്ടെത്തണം. അങ്ങനെ ഓരോ കുട്ടിയെയും ഒരു യൂണിറ്റായി പരിഗണിച്ചു കൊണ്ടുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സാർത്ഥകമാക്കുന്ന ആശയത്തിൽ ഊന്നിയ പദ്ധതിയാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസപദ്ധതി.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തികൊണ്ട് മെച്ചപ്പെട്ട പഠനനിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള സമഗ്രഗുണമേന്മാ പ്രവർത്തനങ്ങൾക്ക് കൊല്ലം ജില്ലയിൽ തുടക്കമായി. കൃത്യമായ ഇടപെടലുകളിലൂടെ പഠനസാമഗ്രികളുടെ സഹായത്തോടെ കുട്ടികളെ പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും

കുട്ടികളിൽ പഠനനേട്ടം ഉറപ്പുവരുത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാ ക്കുന്നത്.

- ❖ പുസ്തക പ്രകാശനം : സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂൾ തലത്തിൽ കുട്ടികൾ തയ്യാറാക്കിയ കവിതകൾ 'കോവൂരിലെ കുഞ്ഞെഴുത്തുകൾ' എന്ന പേരിൽ കുട്ടികളുടെ കവിതാസമാഹാരം കൊല്ലം ജില്ലയിലെ ജി എൽ പി എസ് കോവൂരിൽ പ്രസിദ്ധീകരിച്ചു. ജി യു പി എസ്. ചവറ സൗത്തിലെ കുട്ടികളുടെ രചനകൾ 'അക്ഷരപ്പൂക്കൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ചു.
- ❖ പാലക്കാട് ജില്ലയിൽ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസപദ്ധതി ആസൂത്രണ അവലോകന യോഗം പറളി ബിആർസിയിൽ വച്ച് ചേർന്നു. പാലക്കാട് ഡിഡിഇ, പാലക്കാട് വിദ്യാഭ്യാസ ജില്ല ഓഫീസർമാർ, ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ, സമഗ്ര ശിക്ഷാ കേരള ജില്ലാ പ്രോജക്ട് കോഡിനേറ്റർ, സമഗ്ര ശിക്ഷാ കേരള ജില്ലാ പ്രൊജക്റ്റ് ഓഫീസർമാർ, പ്രൊജക്റ്റ് കോഡിനേറ്റർമാർ ഡയറ്റ് പ്രിൻസിപ്പൽ ഡയറ്റ് ഫാക്കൽറ്റുകൾ വിദ്യാകിരണം കോഡിനേറ്റർ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ക്യാമ്പയിനുമായി ബന്ധപ്പെട്ട ആസൂത്രണങ്ങളും പ്രവർത്തനപദ്ധതികളും 8 മേഖലകളും ആയി ബന്ധപ്പെടുത്തി ജില്ലാതലത്തിൽ നടത്തിപ്പുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊണ്ടു. ജില്ലാതലം തുടങ്ങി ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലേക്ക് വിവിധ സമിതികളുടെ രൂപീകരണത്തെ അടിസ്ഥാനപ്പെടു ത്തിക്കൊണ്ടുള്ള പ്രവർത്തന പദ്ധതികളെ വരുന്ന ജൂൺമാസം വരെയുള്ള തിയ്യതികളിലായി വിവിധ തലങ്ങളിലായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതിക്ക് രൂപം നൽകി.
- ❖ വയനാട് ജില്ലയിൽ സമഗ്രഗുണമേന്മാ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനതല ശിൽപശാലയുടെ തുടർച്ചയായി 21/02/2025ന് വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം ചേർന്ന് ജില്ലാതല പ്രവർത്തന രൂപരേഖ തയ്യാറാക്കി. ജില്ലാ വികസന സമിതി, ജില്ലാ വിദ്യാഭ്യാസ സമിതി എന്നീ യോഗങ്ങളിൽ പദ്ധതി സംബന്ധിച്ച അവതരണങ്ങൾ നടത്തി വിവിധ വകുപ്പ് മേധാവികളുടെ യോഗം ചേരുന്നതിനും സ്കൂൾ തലം വരെ ക്യാമ്പയിൻ രീതിയിൽ ഫലപ്രദമായി നടപ്പാക്കുന്നതിനും പ്രാഥമിക രൂപരേഖ തയ്യാറാക്കി.
- ❖ കോഴിക്കോട് ജില്ലയിൽ ജില്ലാതല വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം ചേർന്ന് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിക്കായുള്ള പ്രവർത്തന കലണ്ടർ രൂപപ്പെടുത്തി. സ്കൂൾ പ്രധാനാധ്യാപകർക്കും എസ്.ആർ.ജി കൺവീനർമാർക്കും പരിശീലനം നൽകി. രണ്ടു മാസമായി സ്കൂളുകളിൽ നടന്നു വരുന്ന പഠന പിന്തുണാ പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർന്ന് സ്കൂളുകളിൽ പഠനോത്സവങ്ങൾ പ്ലാൻ ചെയ്ത് നടന്നു വരുന്നു.

**പഠനോത്സവം**

- ❖ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഗുണപരമായ പുരോഗതി പൊതുസമൂഹത്തെ അറിയിക്കുക, പൊതുവിദ്യാഭ്യാസ മേഖലയുടെ പ്രസക്തിയും ശക്തിയും ബോധ്യപ്പെടുത്തുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടു കൂടി എല്ലാ വർഷവും വിദ്യാലയങ്ങളിൽ നടത്തിവരുന്ന മികവ് പരിപാടികളാണ് പഠനോത്സവങ്ങൾ. സംസ്ഥാന സർക്കാരിന്റെ സമഗ്ര വിദ്യാഭ്യാസ ഗുണമേന്മാ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് പഠനോത്സവങ്ങൾ. പഠനോത്സവം കാര്യക്ഷമമായി വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി അധ്യാപകരെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വിദ്യാലയങ്ങളിലെയും എച്ച് എം. എസ് ആർ ജി കൺവീനർമാർ, പി ടി എ ഭാരവാഹികൾ എന്നിവർക്ക് പരിശീലനം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ക്ലാസ് തലം, കോർണർതലം, സ്കൂൾതലം എന്നീ ക്രമത്തിൽ പഠനോത്സവങ്ങൾ നടന്നു വരുന്നു.
- ❖ പത്തനംതിട്ട ജില്ലയിലെ ജില്ലാതല പഠനോത്സവ ഉദ്ഘാടനം ആറന്മുള ഉപജില്ലയിലെ മാന്തുക ഗവൺമെൻറ് യുപി സ്കൂളിൽ നടന്നു. 2024-25 അധ്യയന വർഷത്തിൽ ജൂൺ മാസത്തിൽ പ്രവേശനോത്സവത്തോടുകൂടി ആരംഭിച്ച് മാർച്ച് മാസത്തിൽ പഠനോത്സവത്തോടുകൂടി ആദ്യഘട്ടം പൂർത്തിയാക്കുകയാണ്. ഒരു വർഷത്തെ അധ്യയന മികവുകളുടെ അവതരണമാണ് പഠനോത്സ വത്തിൽ അരങ്ങേറുന്നത്. സമൂഹത്തിന് പൊതുവിദ്യാലയങ്ങളുടെ അക്കാദമിക മികവളക്കാനുള്ള അവസരമാണ് പഠനോത്സവങ്ങളിലൂടെ ലഭ്യമാകുന്നത്. ജില്ലാതല പഠനോത്സവം മാന്തുക ഗവൺമെന്റ് യുപി സ്കൂളിൽ മാർച്ച് 6ന് വൈകുന്നേരം 3.30 ന് ഉദ്ഘാടനം ചെയ്തു. വിവിധ

സ്റ്റാളുകളിലായി ഒന്നു മുതൽ എഴ് വരെ ക്ലാസിലെ കുട്ടികളുടെ ഒരു വർഷക്കാലം നീണ്ടുനിന്ന പ്രവർത്തനങ്ങളുടെയും മികവുകളുടെയും പ്രദർശനം പൊതുജനങ്ങൾക്കായി ഒരുക്കിയിരുന്നു. വിഷയാടിസ്ഥാനത്തിൽ ആയിരുന്നു സ്റ്റാളുകൾ ഒരുക്കിയിരുന്നത്. കൂടാതെ കുട്ടികളുടെ പഠന മികവുകളുടെ അവതരണവും നടന്നു. ഇംഗ്ലീഷിലും ഹിന്ദിയിലും ഉള്ള സ്കിറ്റുകളും ലഘു നാടകങ്ങളും നൃത്താവിഷ്കാരങ്ങളും ആകർഷകമായ രീതിയിൽ രക്ഷകർത്താക്കളുടെയും അതിഥികളുടെയും മുൻപാകെ കുട്ടികൾ അവതരിപ്പിച്ചു.

- ❖ കോട്ടയം ജില്ലയിൽ ഫെബ്രുവരി 11,12 തീയ്യതികളിൽ പഠനോത്സവത്തിന്റെ സോണൽ എസ്.ആർ.ജി പരിശീലനം ഓശാന മൗണ്ട് ഭരണങ്ങാനത്ത് വച്ച് നടന്നു. ജില്ലയുടെ ട്രൈ ഔട്ട് 13.02.25 ന് ജി.യു.പി.എസ് വെള്ളൂത്തുരുത്തിയിൽ വച്ച് നടത്തി. തുടർന്ന് ബി.ആർസി, സ്കൂൾതല പഠനോത്സവങ്ങൾ നടന്നു വരുന്നു.
- ❖ പാലക്കാട് ജില്ലയിൽ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളുടെ മികവ്, അവതരണം വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളുടെ സംഘാടനം, വിവിധ പ്രവർത്തനങ്ങൾ, പരിശീലനം തുടങ്ങിയവയെ സംബന്ധിച്ച 'പഠനോത്സവം' സോണൽ ഡി ആർ ജി പാലക്കാട് ജില്ലാ കളക്ടർ ശ്രീമതി പ്രിയങ്ക ഐ എ എസ് ഉദ്ഘാടനം ചെയ്തു.
- ❖ വയനാട് ജില്ലയിൽ 2024-25 അക്കാദമിക വർഷത്തെ പഠനോത്സവ നടത്തിപ്പിന് ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ ജില്ലയിൽ എസ്.എസ്.കെയുടെ നേതൃത്വത്തിൽ നടത്തി. കോഴിക്കോട്, വയനാട് ജില്ലകളിൽ നിന്നുള്ള ആർ.പി.മാരുടെ രണ്ടുദിവസത്തെ റസിഡൻഷ്യൽ പരിശീലനം ഫെബ്രുവരി 11, 12 തീയതികളിൽ നടത്തി. പഠനോത്സവം ജില്ലാതല ട്രൈഔട്ട് ഫെബ്രുവരി 14 ന് തരുവണ ജി.യു.പി. സ്കൂളിൽ നടന്നു. തുടർന്ന് BRC തല ശിൽപശാലകൾ സംഘടിപ്പിച്ചു. ജില്ലാതല പഠനോത്സവം ഫെബ്രുവരി 19, 20 തീയതികളിൽ മാനന്തവാടി ഉപജില്ലയിലെ തരുവണ ഗവൺമെന്റ് യു പി സ്കൂളിൽ വച്ച് നടന്നു. സ്കൂൾ തല പഠനോത്സവങ്ങളും നടന്നു വരുന്നു.
- ❖ കണ്ണൂർ ജില്ലയിൽ പഠനോത്സവം 2024-25 സംഘടിപ്പിക്കുന്നതിന് വേണ്ട മുന്നൊരുക്കങ്ങൾ പൂർത്തിയായി. പഠനോത്സവ പ്രവർത്തനങ്ങളും ആവശ്യമായ മുന്നൊരുക്കങ്ങളും വിദ്യാലയത്തിൽ ആസൂത്രണം ചെയ്യേണ്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ ഫെബ്രുവരി 11 ,12 തീയതികളിൽ ജില്ലാ റിസോഴ്സ് പേഴ്സണുകൾക്ക് പരിശീലനം നടത്തി. തുടർന്ന് ഉപജില്ലകളിൽ എസ് ആർ ജി കൺവീനർമാർക്ക് പരിശീലനം നൽകി.

### പ്രീ-പ്രൈമറി വർണ്ണക്കൂടാരം ജില്ലാതല പരിശീലനം

- ❖ പാലക്കാട് ജില്ലയിലെ പ്രീ-പ്രൈമറി വർണ്ണക്കൂടാരം അനുവദിച്ച സ്കൂളുകളിലെ പ്രിൻസിപ്പൽമാർ, പ്രധാന അധ്യാപകർ പിടിഎ അംഗങ്ങൾ എന്നിവർക്കുള്ള ജില്ലാതല പരിശീലനം പറളി ബിആർസിയിൽ വച്ച് സംഘടിപ്പിച്ചു. 2025-26 അധ്യായന വർഷം 11 സ്കൂളുകൾക്കാണ് വർണക്കൂടാരം ജില്ലയിൽ അനുവദിച്ചിട്ടുള്ളത്. കുട്ടികളുടെ സമഗ്ര പുരോഗതി അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ വർണ്ണക്കൂടാരം ഒരുക്കുന്നതുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളും വിവിധ ഇടങ്ങളെക്കുറിച്ചും കൃത്യമായും സൂക്ഷ്മതലത്തിലും ഉള്ള പരിശീലനം അധ്യാപകർക്ക് നൽകി.

### LEAP

- ❖ കൊല്ലം ജില്ലയിലെ സൈക്കോമെട്രിക് ടെസ്റ്റ് നടന്ന എല്ലാ സ്കൂളുകളിലും LEAP പ്രോഗ്രാമിന്റെ ഭാഗമായി 8-20 ക്ലാസിലെ തെരഞ്ഞെടുക്കപ്പെട്ട 25 കുട്ടികൾക്കും രക്ഷിതാക്കൾക്കും കരിയർ ഗൈഡൻസ് കൗൺസലിംഗ് ക്ലാസ് സംഘടിപ്പിച്ചു.

## തനത് പ്രവർത്തനങ്ങൾ

### ആരോഗ്യ-കായിക വിദ്യാഭ്യാസം പ്രോജക്ട്

- ❖ കൊല്ലം ജില്ലയിലെ പൊതു വിദ്യാലയങ്ങളിലെ 5,6,7,8,9 ക്ലാസുകളിലെ കുട്ടികൾക്ക് മികച്ച ആരോഗ്യ-കായിക വിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കുന്ന നിലയിൽ പാഠ്യപദ്ധതി ഉൾകൊള്ളുന്ന മേഖലകൾക്കനുസരിച്ച് കുട്ടികൾക്ക് പരിശീലനം നൽകുന്നതിന്

ആവശ്യമായ സാമഗ്രികൾ സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനായി 'ഫിറ്റ് ഫ്യൂച്ചർ', 'ക്രിയേറ്റീവ് ഹാൻഡ്സ്' എന്നീ പേരുകളിൽ പ്രോജക്ടുകൾ തയ്യാറാക്കി ചവറ സബ്ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകുകയും കൊല്ലം ജില്ലയിലെ മുഴുവൻ സ്കൂളുകളിലും നടപ്പിലാക്കുന്നതിനായി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി വിശദീകരണം ജില്ലാപഞ്ചായത്തിന് സമർപ്പിക്കാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

- ❖ കോട്ടയം ജില്ലയിൽ പത്തരമാറ്റ്- എസ്.എസ്.എൽ.സി കുട്ടികൾക്കുള്ള പഠനപിന്തുണ പരിപാടി ബി.ആർ.സി പാമ്പാടിയിൽ സംഘടിപ്പിച്ചു. ബി.ആർ.സി പാമ്പാടിയുടെ നേതൃത്വത്തിൽ സബ്ജില്ലയിലെ പത്താം ക്ലാസ് വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പഠനപിന്തുണ പരിപാടി ആസൂത്രണം ചെയ്തത്.
- ❖ ഇടുക്കി ജില്ലയിലെ 55 പ്രീപ്രൈമറി സ്കൂളുകളിലെ അധ്യാപകർക്ക് ഫെബ്രുവരി 11, 12, 13 തീയതികളിലായി തൊടുപുഴയിൽ അധ്യാപക പരിശീലനം നൽകി. പരിശീലനത്തിൽ 59 പേർ പങ്കാളികളായി.
- ❖ പാലക്കാട് ജില്ലയിൽ മാനത്തോളം ഭിന്നശേഷി കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള കോൺക്ലേവ് സംഘടിപ്പിച്ചു. ഒറ്റപ്പാലം എംഎൽഎയുടെ വിദ്യാഭ്യാസ പദ്ധതിയാണിത്. ഭിന്നശേഷി വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ കോൺക്ലേവ് ഒറ്റപ്പാലം കണ്ണിയംപുറം പിഷാരടീസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.
- ❖ എസ്.എസ്.കെ - സ്റ്റാർസ് പദ്ധതി പ്രകാരം സ്കഫോൾഡ് പദ്ധതിയിലേക്ക് പൊതുവിദ്യാലയങ്ങളിലെ പ്ലസ് വൺ ക്ലാസുകളിൽ പഠിക്കുന്ന ബി പി എൽ വിഭാഗം കുട്ടികളിൽ നിന്ന് ജില്ലാതലത്തിൽ തിരഞ്ഞെടുത്ത കുട്ടികൾക്ക് 2025 ഫെബ്രുവരി 08,09 തിയ്യതികളിൽ ലീഡ് കോളേജ്, ധോണി, പാലക്കാട് വച്ച് ദ്വിദിന റസിഡൻഷ്യൽ ക്രിയേറ്റീവ് ക്യാമ്പ് സംഘടിപ്പിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ വിദ്യാർത്ഥികളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പങ്കുവച്ച് സ്റ്റുഡൻറ് സഭ സംഘടിപ്പിച്ചു. സംസ്ഥാന പാർലമെന്ററികാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ പാർലമെന്ററി ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചാണ് കല്യാശ്ശേരി മണ്ഡലത്തിൽ സ്റ്റുഡന്റ്സഭ സംഘടിപ്പിച്ചത്. സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളെ വിദ്യാർത്ഥി സമൂഹവുമായി കൂടുതൽ അടുപ്പിക്കുന്നതിനായി രാജ്യത്ത് ആദ്യമായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്റ്റുഡൻസ് സഭ. മണ്ഡലത്തിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 46 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 150 ലധികം വിദ്യാർത്ഥികൾ സ്റ്റുഡന്റ് സഭയിൽ പങ്കെടുത്തു. 56 വിദ്യാർത്ഥി പ്രതിനിധികൾ വികസന പ്രശ്നങ്ങൾ, പ്രതീക്ഷകൾ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ എം.എൽ.എ യുമായി പങ്കുവച്ചു.
- ❖ കണ്ണൂർ ജില്ലയിൽ അക്കാദമിക മോണിറ്ററിങ്ങിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ മികവുത്സവം 2025 ഗവ. എച്ച് എസ് എസ് ചാലയിൽ വച്ച് 20.02.2025 ന് നടത്തി. ജില്ലാതല മികവ് അവതരണത്തിലും സെമിനാറിലും ജില്ലയിലെ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും പങ്കെടുത്തു. എൽ പി, യു പി, എച്ച് എസ് വിഭാഗങ്ങളിൽ നിന്നായി ആകെ 36 സ്കൂളുകൾ ജില്ലാതല മികവതരണത്തിൽ പങ്കെടുത്ത് പ്രസന്റേഷൻ അവതരിപ്പിച്ചു.
- ❖ ആലപ്പുഴ ജില്ലയിൽ സ്കൂൾ ഇന്നവേഷൻ മാരത്തോണിൽ 98% സ്കൂളുകൾ രജിസ്ട്രേഷൻ പൂർത്തീകരിച്ചു. 1101 ടീമുകളിലായി 3143 കുട്ടികൾ എൻറോൾ ചെയ്യുകയും, 2101 കുട്ടികൾ കോഴ്സ് കംപ്ലീറ്റ് ചെയ്യുകയും 1021 ഐഡിയകൾ സബ്മിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സബ്മിറ്റ് ചെയ്തവയിൽ 12 സ്കൂളുകളിൽ നിന്നായി 15 ഐഡിയകൾ പ്രാഥമിക ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടു. 12 സ്കൂളുകൾ മിനിസ്ട്രി ഓഫ് എജ്യൂക്കേഷൻ നിയമിച്ച നോഡൽ ഓഫീസിൽ നിന്ന് ടൈം സ്ലോട്ട് ലഭിച്ച മുറയ്ക്ക് ഇ പിച്ചിംഗിൽ പങ്കെടുത്തു വരുന്നു. സമഗ്ര ശിക്ഷാ കേരളം ആലപ്പുഴ ജില്ലയിലെ ഭിന്നശേഷി കുട്ടികൾക്കായി ഈ അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ വൈദ്യപരിശോധന ക്യാമ്പ് 11 ബി.ആർ.സികളുടെയും നേതൃത്വത്തിൽ നടന്നു. എച്ച്.ഐ.വി.ഐ, ഓർത്തോപീഡിക് എന്നീ വിഭാഗങ്ങളിൽ പെടുന്ന കുട്ടികളെ കണ്ടെത്തുക എന്നതാണ് ക്യാമ്പിലൂടെ ലക്ഷ്യമിട്ടത്. ആലപ്പുഴ ജനറൽ ആശുപത്രിയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരാണ് കുട്ടികൾക്ക് അസസ്മെന്റ് നടത്തിയത്. ഉപകരണങ്ങൾ ആവശ്യമുള്ള

കുട്ടികളെ കണ്ടെത്തുകയും ബാക്കി കുട്ടികൾക്ക് ആവശ്യമായ തെറാപ്പികൾ നിർദ്ദേശിക്കുകയും ചെയ്തു. ഉപകരണങ്ങൾ (ഓർത്തോപീഡിക്) ആവശ്യമുള്ള കുട്ടികൾക്കായി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് സംസ്ഥാന കാര്യാലയത്തിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനും പർച്ചേസ് കമ്മിറ്റി കൂടുന്നതിനും തീരുമാനിയിട്ടുണ്ട്.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| താലൂക്ക് ആശുപത്രികളുടെ ഒ.പി പരിവർത്തനം | 43 | 19 (44%) | 14 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 151 | 91 (60%) | 25 |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 885 | 711 (80%) | 61 |

## 2) വാർഷിക ആരോഗ്യ പരിശോധന

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായുള്ള എല്ലാ പരിശീലനങ്ങളും പൂർത്തിയായി.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസം ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 31/01/2025 വരെ 97,76,043 (54%) വ്യക്തികളുടെ സർവേ പൂർത്തിയായി. 01/01/2025 മുതൽ 31/01/2025 വരെ 17,46,574 (10%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 7,53,566 (43%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 31,144 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 31,380 (2%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 58,678 (3%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും 34,046 (2%) പേർക്ക് കുഷ്ഠരോഗ സാധ്യതയുള്ളതായും 5,10,080 (29%) പേർക്ക് കാഴ്ച സംബന്ധമായ രോഗസാധ്യതയുള്ളതായും 62,907 (4%) പേർക്ക് കേൾവി സംബന്ധമായ രോഗസാധ്യതയുള്ളതായും 18,007 (1%) പേർക്ക് മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- 2025 ജനുവരി മാസത്തിൽ മാത്രം (01/01/2025 മുതൽ 31/01/2025 വരെ) ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയ തുടർ സ്ക്രീനിങ്ങിൽ 1,982 (ആകെ പരിശോധിച്ചവരിൽ 12%) പേർക്ക് രക്താതിമർദ്ദവും 208 (ആകെ പരിശോധിച്ചവരിൽ 0.2%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 3,48,638 (20%) പേരുടേയും പ്രമേഹം മാത്രമുള്ള 1,56,671 (9%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ്പ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.
- ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ തുടർ സ്ക്രീനിങ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായുള്ള ജനകീയ ആരോഗ്യ കേന്ദ്രം പോർട്ടൽ ഇ ഹെൽത്ത് വികസിപ്പിച്ചു.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി
- 31/01/2025 വരെ 97,76,043 (54%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,98,419 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- 2025 ജനുവരി മാസത്തിൽ മാത്രം (01/01/2025 മുതൽ 31/01/2025 വരെ) 17,46,574 (10%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 31,144 (1.7%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് മുഖേന ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്യാൻസർ കെയർ സ്യൂട്ടിൽ ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്.
- ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്തനാർബുദം, വദനാർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' രാജ്യത്ത് ആദ്യമായി ആർ.സി.സി വികസിപ്പിച്ചു.
- സെർവിക്കൽ ക്യാൻസറിന് എതിരായുള്ള എച്ച്.പി.വി. വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിന് തീരുമാനമെടുത്തു.
- മലബാർ ക്യാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി ആരംഭിച്ചു. കൊച്ചിൻ ക്യാൻസർ സെന്ററിൽ ഇത് ഈ വർഷം പൂർണതോതിൽ പ്രവർത്തനസജ്ജമാകും.
- വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി ആരംഭിച്ച കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.
- സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള ബോൺമാരോ ഡോണർ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് അനുമതി നൽകി ഉത്തരവായി. മലബാർ കാൻസർ സെന്റർ കെ-ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ്

പ്രോജക്ടായി ബോൺമാരോ ഡോണർ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ ഡോണർ രജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശത്തിന്റെ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നത്.

❖ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാനമൊട്ടാകെ ഒരു ജനകീയ ക്യാമ്പയിൻ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരുടെയും സഹകരണത്തോടെയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയ്ക്ക് ഈ കാലയളവിൽ സ്ക്രീനിംഗ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന ഈ കാൻസർ ജനകീയ ക്യാമ്പയിന്റെ ലോഗോ പ്രകാശനം പത്തനംതിട്ടയിൽ കുടുംബശ്രീ പ്രവർത്തകരുടെ സാന്നിധ്യത്തിൽ മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം ലോക കാൻസർ ദിനമായ ഫെബ്രുവരി 4ന് വൈകുന്നേരം 4 മണിക്ക് ടാഗോർ തീയറ്ററിൽ വച്ച് ബഹു: മുഖ്യമന്ത്രി നിർവഹിക്കും.

## 4) നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം

❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.
❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ), സങ്കീർണമായ ലാബ് പരിശോധനകൾ മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.
❖ സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ വിശദമായ മാപ്പിംഗും ഗ്യാപ് അനാലിസിസും പൂർത്തിയാക്കി.
❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.
❖ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇ-ഹെൽത്തിന്റെ സഹായത്തോടെ നിർമിച്ച റിപ്പോർട്ടിങ് സോഫ്റ്റ്‌വെയർ സംവിധാനം മലപ്പുറം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. ഇതിനായുള്ള പരിശീലനങ്ങളും പുരോഗമിക്കുന്നു.
❖ ആയുഷ് വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി നിർണയ ലാബ് നെറ്റുവർക്ക് ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
❖ പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള

സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

- ❖ പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ എല്ലാ ജില്ലകളിലേയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.
- ❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 30 ആയുർവേദ ഡോക്ടർമാർക്കും 29 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 750 ആയുർവേദ ഡോക്ടർമാരും 320 പാരാമെഡിക്കൽ സ്റ്റാഫുകളും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള ജില്ലാതല പരിശീലനങ്ങൾ നടത്തി.
- ❖ നിലവിൽ സംസ്ഥാനത്ത് 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,61,918 രോഗികൾക്കും 345 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 30,168 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- ❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.
- ❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.
- ❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- ❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ
- ❖ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 31/01/2025 വരെ 97,76,043 (54%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 95,902 (0.9%) കിടപ്പുരോഗികളും 1,57,990 (1.6%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 32,38,547 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.
- ❖ 2025 ജനുവരി മാസത്തെ (01/01/2025 മുതൽ 31/01/2025 വരെ) സർവേയിൽ 17,46,574 (9.6%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 14,208 (0.8%) കിടപ്പുരോഗികളും 25,703 (1.5%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 5,90,927 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു.

ഇതോടൊപ്പം രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 32,853 (1.8%) പേർക്ക് വാർദ്ധക്യ സഹജമായ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി തുടർപരിശോധനകൾക്കായി നിർദ്ദേശിച്ചിട്ടുണ്ട്.

❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി.

❖ സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിക്കാനും കിടപ്പ് രോഗികൾക്ക് നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താനുമുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് സോഫ്റ്റുവെയർ സംവിധാനം തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ദേശീയ ആരോഗ്യ ദൌത്യം (NHM), കേരള സാങ്കേതിക സർവകലാശാല (KTU), ഡിജിറ്റൽ യൂണിവേഴ്സിറ്റി (DUK), സ്റ്റാർട്ട്അപ് മിഷൻ, ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) , പ്യൂപ്പിൾ ഫസ്റ്റ് എന്നിവരുടെ സഹകരണത്തോടെ നടന്നു വരുന്നു.

❖ പാലിയേറ്റീവ് കെയർ സേവനങ്ങൾ സംയോജിതമായ രീതിയിൽ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ മുഴുവൻ സേവനനദാതാക്കളെയും ഉൾപ്പെടുത്തിയുള്ള ഗ്രിഡ് സംവിധാനമാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്.

❖ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ക്വാളിറ്റി അസ്സസ്മെന്റ് ചെക്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനങ്ങൾ ആരംഭിച്ചു.

❖ കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പാരാപ്ലീജിയ (അരയ്ക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ടവർ) രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള പരിശീലനങ്ങൾ എറണാകുളം, മലപ്പുറം ജില്ലകളിൽ ആരംഭിച്ചു.

❖ വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) കേരളയുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്റ്റുഡൻറ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (SIP)" പദ്ധതിയുടെ സംസ്ഥാന തല ശില്പശാല നടത്തി. ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നായി 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.

❖ 2025 ജനുവരി 1 മുതൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം, മാലിന്യമുക്തം നവകേരളം, ഗുണമേന്മയിൽ അധിഷ്ഠിതമായ പാലിയേറ്റീവ് പരിചരണം എന്നിവ പൂർണതോതിൽ യാഥാർത്ഥ്യമാക്കുന്നതിനായുള്ള സംസ്ഥാനതല ക്യാമ്പയിൻ ബഹു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തോടെ ആരംഭിച്ചു.

❖ സാന്ത്വന പരിചരണ പദ്ധതിയുടെ നടത്തിപ്പിന് ജനപങ്കാളിത്തമുറപ്പാക്കുകയും നിലവിലെ ഗൃഹകേന്ദ്രീകൃത പരിചരണത്തോടൊപ്പം നിരാലംബരായ വയോജനങ്ങളെ പാർപ്പിച്ചിരിക്കുന്ന ഹോമുകൾ, സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും പ്രവർത്തിക്കുന്ന വൃദ്ധ മന്ദിരങ്ങൾ എന്നിവിടങ്ങളിൽക്കൂടി പാലിയേറ്റീവ് കെയർ സേവനം എത്തിക്കുന്നതിന്റെ ഭാഗമായി, ഗ്രാമ, നഗര വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും കുടുംബങ്ങളെയും കണ്ണി ചേർത്തുകൊണ്ട് എ പി എൽ, ബി പി എൽ വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കാനുമായി ജനകീയ മുന്നേറ്റം നടത്താനാണ് ഈ ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത്.

## 6) ഏകാരോഗ്യ സമീപനം (One Health Initiative)

❖ നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ്

പദ്ധതിയുടെ ലക്ഷ്യം.

- ❖ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.
- ❖ ഏകാരോഗ്യം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായി. ഇതിനു മുന്നോടിയായി ഒരു ആസൂത്രണ ശില്പശാലയും ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെൻറ് ശില്പശാലയും സംഘടിപ്പിച്ചിരുന്നു. ഈ ശില്പശാലകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലന മോഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിയാണ് പരിശീലനങ്ങൾ നടത്തിയത്.
- ❖ ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള (Joint Outbreak Investigation) പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തി. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെ കണക്കുകൾ അടിസ്ഥാനമാക്കിയാണ് ഫീൽഡുതല പരിശോധനകൾ സംഘടിപ്പിച്ചത്. ഫീൽഡുതല പരിശോധനകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല ടീമിനെയും നിയോഗിച്ചിരുന്നു. ഓരോ ജില്ലയിലും തിരഞ്ഞെടുത്ത പഞ്ചായത്ത് മുൻഗണനാക്രമത്തിൽ അതാത് പഞ്ചായത്തിലെ രോഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ്തല പരിശോധനകൾ സംഘടിപ്പിച്ചു.
- ❖ ഫീൽഡുതല പരിശോധനകൾക്കു മുന്നോടിയായി വകുപ്പ് തല ഏകോപന യോഗങ്ങൾ, പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പ്രവർത്തന മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ മുതലായവയും ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു.
- ❖ ആദ്യഘട്ടത്തിൽ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചതിനെ തുടർന്ന് രാജ്യത്ത് ആദ്യമായി കേരളത്തിൽ എല്ലാ ജില്ലകളിലും സംയോജിത പരിശോധനാ സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ ഫീൽഡുതല പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനാണ് ലക്ഷ്യം വച്ചു കൊണ്ട് 2024 ഒക്ടോബറിൽ സംസ്ഥാന-തല ശില്പശാല സംഘടിപ്പിച്ചു. ജോയിന്റ് ഔട്ട്ബ്രേക് ഇൻവെസ്റ്റിഗേഷന്റെ വിപുലീകരണത്തിനും ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്‌ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം) ടൂൾകിറ്റ് പ്രയോഗികമാക്കുന്നതിനും വേണ്ടിയുള്ള പ്ലാനുകളും ശില്പശാലയിൽ തയ്യാറാക്കി.
- ❖ ഏകാരോഗ്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന 10 ജില്ലകളിൽക്കൂടി ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- ❖ ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം പമ്പാബേസിൻ ജില്ലകളിലെ 150 തദ്ദേശസർക്കാരുകളിൽ സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണ സംവിധാനം നിലവിൽ വരുത്തുക എന്നതാണ്. എന്നാൽ പമ്പാബേസിൻ ജില്ലകളിലെ മുഴുവൻ തദ്ദേശസർക്കാരുകളിലും (266) ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്ൻസ് ടൂൾ കിറ്റ് സംബന്ധിച്ച് പമ്പാബേസിൻ ജില്ലകളിലെ ഏകാരോഗ്യം പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളിലെ

ഉദ്യോഗസ്ഥർക്ക് പ്രാഥമിക പരിശീലനം നൽകി.

- ❖ ഏകാരോഗ്യം പരിപാടിയിൽ ശേഷിക്കുന്ന ഒന്നര വർഷം ജില്ലകളിൽ നടപ്പാക്കേണ്ട പരിപാടികളുടെ പ്ലാൻ തയ്യാറാക്കിവരുന്നു. ആരോഗ്യവകുപ്പിനുപുറമേ ഏകാരോഗ്യവുമായി ഏകോപിച്ച് പ്രവർത്തിക്കുന്ന അനുബന്ധവകുപ്പുകളെയും ഉൾപ്പെടുത്തികൊണ്ട് ഏകാരോഗ്യം പരിപാടിയുടെ കീഴിൽ നടപ്പാക്കാൻ പറ്റുന്ന പരിപാടികളുടെ പ്ലാനാണ് തയ്യാറാക്കിവരുന്നത്.
- ❖ ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി തയ്യാറാക്കിയ പരിശീലന സാമഗ്രികൾക്ക് അന്തിമരൂപം നൽകുന്നതിനായി 2025 ജനുവരി 8ന് വെറ്റിങ്ങ് ശില്പശാല സംഘടിപ്പിച്ചു. പരിശീലനപരിപാടികൾ മാർച്ച് ആദ്യവാരം ആരംഭിക്കുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്.
- ❖ നായ്ക്കൾ മൂലമുള്ള പേവിഷബാധ ഇല്ലാതാകുന്നതിന് സംസ്ഥാനതല ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിനുള്ള ശില്പശാല സെന്റർ ഫോർ വൺ ഹെൽത്ത് കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഈ ശില്പശാലയിൽ ആരോഗ്യം, ആരോഗ്യ വിദ്യാഭ്യാസം, മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെയും വിവിധ സന്നദ്ധ സംഘടനകളിലെയും പ്രതിനിധികൾ പങ്കെടുത്തു. ശില്പശാലയിൽ ആക്ഷൻ പ്ലാനിന്റെ കരട് തയ്യാറാക്കി.

### 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- ❖ മന്ത്, മലേറിയ, ക്ഷയരോഗം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- ❖ ജില്ലകളിലെ ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റുകളുടെയും എന്റമോളജി യൂണിറ്റുകളുടെയും രൂപീകരണം നിലവിലെ രോഗ നിവാരണ പ്രവർത്തനങ്ങളെ ശാക്തീകരിക്കാൻ സഹായകമാകും.
- ❖ എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ മലേറിയ നിവാരണത്തിന്റെ ഭാഗമായുള്ള പ്രീവാലിഡേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ എന്നാൽ 2023ൽ കോഴിക്കോട്, കൊല്ലം, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലും 2024ൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലും തദ്ദേശീയമായ മലേറിയ കേസുകൾ റിപ്പോർട്ട് ചെയ്തു. 2024ൽ സംസ്ഥാനത്താകെ ഇതുവരെ 276 മലേറിയ കേസുകളും 4 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തദ്ദേശീയമല്ലാത്ത കേസുകൾ വർദ്ധിച്ചു വരുന്നതും മലേറിയ വാഹകരായ കൊതുകുകളുടെ എണ്ണം മിക്ക ജില്ലകളിലും വർദ്ധിച്ചു വരുന്നതും സംസ്ഥാനത്തെ മലേറിയ നിവാരണത്തിന് വെല്ലുവിളിയാവുന്നു.
- ❖ കേരളത്തിലെ 11 ജില്ലകളിൽ മന്ത് രോഗം തദ്ദേശീയമായി തന്നെ നിലനിൽക്കുന്നു. കാലാവസ്ഥാ വ്യതിയാനവും രോഗവാഹകരായുള്ള കൊതുകുകളുടെ സാന്നിധ്യവും ഈ രോഗങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും 2028 ഓടെ മന്ത് രോഗം സംസ്ഥാനത്ത് നിന്നും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതിഥി തൊഴിലാളികൾക്കിടയിലും മന്ത് രോഗ നിവാരണത്തിന്റെ ഭാഗമായുള്ള സ്ക്രീനിങ് നടന്നു വരുന്നു.
- ❖ മന്ത് രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.
- ❖ കാലാ അസാർ സംസ്ഥാനത്തെ ഹെൽത്ത് ബ്ലോക്കുകളിൽ 10000 പേരിൽ ഒരാളിൽ താഴെ എന്ന രീതിയിൽ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2027 ഓടെ സംസ്ഥാനതലത്തിൽ പൂർണമായും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാലാ അസാറുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും വെക്ടർ സർവൈലൻസ് പ്രവർത്തനങ്ങളും നടന്നു വരുന്നു. കാലാ അസാർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകളും അങ്കണവാടികൾ കേന്ദ്രീകരിച്ച് സർവേകളും നടത്തി വരുന്നു.
- ❖ 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ

സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ ജില്ലകളിലും നാഷണൽ ടുബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമിന്റെ (NTEP) ഭാഗമായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- നിലവിൽ സംസ്ഥാനത്തെ 85 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ഇതിൽ 51 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 49 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 85 |
| നിർമ്മാണം പൂർത്തിയായവ | 51 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 49 |
| നിർമ്മാണം പുരോഗമിക്കുന്നവ | 34 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 3 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് 2023 നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം - ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.
- വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

### 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.
- വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) എന്ന സ്ഥാപനം രൂപീകരിക്കുന്നതിന് അനുമതി നൽകുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.
- SHSRC യുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.
- കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിക്കുകയും നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തു.
- SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.
- ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്.
- ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം

ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.

- കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾ സംഘടിപ്പിക്കുകയും കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ അംഗങ്ങളുടെ കരട് പട്ടിക തുടർ അവലോകനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 34 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 7 എണ്ണത്തിന്റെ റിപ്പോർട്ട് പൂർത്തിയായി, 5 എണ്ണത്തിന്റെ ഡാറ്റാ അനാലിസിസ് പുരോഗമിക്കുന്നു, 10 എണ്ണത്തിന്റെ വിവരശേഖരണം പൂർത്തിയായി. മറ്റുള്ളവ വിവരശേഖരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ-ന്റെ ധനസഹായത്തോടെ 6 ഗവേഷണങ്ങളും KSACS/NACO യുടെ ധനസഹായത്തോടെ 6 ഗവേഷണങ്ങളും നടന്നു വരുന്നു.

## കുടുംബാരോഗ്യ കേന്ദ്രം - പ്രവർത്തന പുരോഗതി

- ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന സേവനങ്ങൾ ഉറപ്പാക്കുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കുറഞ്ഞത് 3 മെഡിക്കൽ ഓഫീസർമാർ, 4 നഴ്സിംഗ് ഓഫീസർമാർ, 2 ഫാർമസിസ്റ്റുമാർ, ഒരു ലാബ് ടെക്നിഷ്യൻ എന്നീ തസ്തികകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ 106 (15%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് മിഷൻ വിഭാവനം ചെയ്യുന്ന രീതിയിലുള്ള എല്ലാ തസ്തികകളും നിലവിലുള്ളത്.
- സംസ്ഥാനത്ത് 474 (67%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 3 മെഡിക്കൽ ഓഫീസർമാരെങ്കിലും ഉള്ളത്. 126 (18%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉള്ളത്. 522 (74%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 2 ഫാർമസിസ്റ്റുമാരെങ്കിലും ഉള്ളത്. 661 (94%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് ഒരു ലാബ് ടെക്നിഷ്യനെങ്കിലും ഉള്ളത്.
- എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒരു ഡോക്ടർ, ഒരു പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കാൻ ഉത്തരവുണ്ടെങ്കിലും നവംബർ മാസത്തെ കണക്ക് പ്രകാരം 172 സ്ഥാപനങ്ങളിൽ ഒരു നിയമനം പോലും നടത്തിയിട്ടില്ല.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒപി സേവനങ്ങൾ ലഭ്യമാക്കേണ്ടതാണെങ്കിലും 207 (29%) സ്ഥാപനങ്ങളിൽ ഉച്ചയ്ക്ക് ശേഷം ഒപി പ്രവർത്തിക്കുന്നില്ല. ഇതിൽ 31 സ്ഥാപനങ്ങളിൽ മൂന്ന് മെഡിക്കൽ ഓഫീസർമാരെങ്കിലുമുണ്ട്.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നവംബർ മാസം ചികിത്സ തേടിയ വ്യക്തികളിൽ 70% പേർക്ക് മാത്രമാണ് പ്രീചെക്ക് സേവനം ലഭിച്ചത്.
- 188 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ശ്വാസ് ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 22 സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.
- 179 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ആശ്വാസം ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 15 സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.
- 499 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ഇ ഹെൽത്ത് സേവനങ്ങൾ ലഭ്യമാണ്.

## ജനകീയ ആരോഗ്യ കേന്ദ്രം – പ്രവർത്തന പുരോഗതി

- നിലവിൽ 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 217 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (U-HWCs) സംസ്ഥാനത്ത് പ്രവർത്തനക്ഷമമാണ്.
- സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 4681 മിഡ് ലെവൽ സർവീസ് പ്രൊവൈഡേഴ്സ് (എംഎൽഎസ്പി ) നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.
- ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും ജീവനക്കാരുടെ പുതുക്കിയ ചുമതലകളെയും സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ചും സംസ്ഥാന- ജില്ലാ തല ഉദ്യോഗസ്ഥർക്കായി

ശില്പശാല നടത്തി.

- ജനകീയ ആരോഗ്യ കേന്ദ്ര ടീം പ്രവർത്തനങ്ങളെയും സ്ഥാപന-ഫീൽഡ് തല സേവനങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള സൂപ്പർവൈസറി ജീവനക്കാർക്കായി സംസ്ഥാന തലത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു.
- പുതിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളെയും ജീവനക്കാരുടെ ചുമതലകളെയും സംബന്ധിച്ചുള്ള ജില്ലാതല പരിശീലനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്ര ജീവനക്കാർക്കും സൂപ്പർവൈസർമാർക്കുമായി സംഘടിപ്പിച്ചു.
- **വെൽ വുമൺ ക്ലിനിക്കുകൾ**: ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 വെൽ വുമൺ ക്ലിനിക്കുകൾ നടക്കുന്നു. 2025 ജനുവരി മാസം 19,881 ക്ലിനിക്കുകൾ സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നടന്നു. ഇതിൽ 2.5 ലക്ഷത്തോളം പേർ പങ്കെടുത്തു. ഒരു ക്ലിനിക്കിൽ ശരാശരി 13 സ്ത്രീകളെങ്കിലും സേവനം തേടിയിട്ടുണ്ട്. ഈ ക്ലിനിക്കുകളിൽ പ്രസവാനന്തര രജിസ്ട്രേഷനും വിവ ക്യാമ്പയിന്റെ ഭാഗമായ അനീമിയ സ്ക്രീനിംഗും മറ്റ് സേവനങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്.
- **ജീവിതശൈലീ രോഗ ക്ലിനിക്കുകൾ**: ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 ജീവിതശൈലീ രോഗ ക്ലിനിക്കുകളെങ്കിലും നടത്തി വരുന്നു. 2025 ജനുവരി മാസത്തിൽ സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 21,985 ക്ലിനിക്കുകൾ നടന്നു. ഇതിൽ 5.09 ലക്ഷത്തോളം പേർ പങ്കെടുത്തു. ഒരു ക്ലിനിക്കിൽ ശരാശരി 23 പേർ വീതം സേവനം തേടുന്നുണ്ട്. ജീവിതശൈലീ രോഗ ക്ലിനിക്കുകളിൽ, രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് സേവനങ്ങൾ നൽകി വരുന്നു.
- **പേഷ്യന്റ് ഗ്രൂപ്പ് മീറ്റിങ്ങുകൾ**: ഒരു മാസത്തിൽ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ശരാശരി 5 പേഷ്യന്റ് ഗ്രൂപ്പ് യോഗങ്ങളെങ്കിലും സംഘടിപ്പിച്ചു വരുന്നു. 2025 ജനുവരി മാസത്തിൽ 19,432 പേഷ്യന്റ് ഗ്രൂപ്പ് യോഗങ്ങൾ സംഘടിപ്പിച്ചു. ഇതിൽ 3.13 ലക്ഷത്തോളം പേർ പങ്കെടുത്തു. ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിന് കീഴിൽ ശരാശരി 4 യോഗങ്ങൾ സംഘടിപ്പിക്കുകയും ഒരു യോഗത്തിൽ ശരാശരി 16 പേരെങ്കിലും പങ്കെടുക്കുന്നുമുണ്ട്.
- **ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങളുടെ മുൻഗണനാ സന്ദർശനങ്ങൾ**: ജനുവരി മാസത്തിൽ ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങൾ 13.5 ലക്ഷത്തോളം വീടുകൾ സന്ദർശിച്ചു. ഇതിൽ ശരാശരി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് 109 ഗൃഹസന്ദർശനങ്ങളും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 146 സന്ദർശനങ്ങളും ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ 64 ഭവന സന്ദർശനങ്ങളും നടത്തിയതായി ജനകീയ ആരോഗ്യ കേന്ദ്ര ടീമിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.
- ജനുവരി മാസത്തിൽ ഒരു ദിവസം ശരാശരി 12 പേരെങ്കിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് സേവനം തേടിയിട്ടുണ്ട്. ഒരു ദിവസം ശരാശരി 4 ലാബ് പരിശോധനകൾ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ചെയ്തു വരുന്നു.
- സംസ്ഥാനത്തെ 50% ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2025 ഡിസംബർ മാസത്തോടെയും എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2026 ഡിസംബർ മാസത്തോടെയും NQAS (നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ്) അംഗീകാരം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- കേരളത്തിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ജനകീയ ആരോഗ്യ ക്ലബ്ബുകൾ പൊതുജനങ്ങളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

## ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ

- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 1546 യോഗങ്ങൾ ഫെബ്രുവരി മാസം നടന്നിട്ടുണ്ട്.
- ഹരിത ഓഫീസിനായി 280 യോഗങ്ങളും, ഹരിത വിദ്യാലയം, ഹരിത കലാലയങ്ങൾക്കായി 179 യോഗങ്ങളും, ഹരിത ടൂറിസത്തിനായി 71 യോഗങ്ങളും, ഹരിത അയൽകൂട്ടമായി ബന്ധപ്പെട്ട് 73 യോഗങ്ങളും, ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടത്തിനായി 56 യോഗങ്ങളും, ഹരിത ഗ്രന്ഥശാല 98 യോഗങ്ങളും, ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾക്കായി 293 യോഗങ്ങളും, ജലബജറ്റിനായി 3 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 60 യോഗങ്ങളും, കൃഷി മേഖലയുമായി ബന്ധപ്പെട്ട് 95 യോഗങ്ങളും, ഗ്രീൻ പ്രോട്ടോക്കോളിനായി 25 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- വിവിധ യോഗങ്ങളിൽ 3926 ജനപ്രതിനിധികളും 8483 ഉദ്യോഗസ്ഥരും, 9187 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 21506 പേർ ഫെബ്രുവരി മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 9 ശിൽപ്പശാലകൾ നടത്തുകയും ആയതിൽ 898 പേർ പങ്കെടുക്കുകയും ചെയ്തു.
- ഹരിത കേരളം മിഷൻ 46 പരിശീലനങ്ങൾ ഫെബ്രുവരി മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 2754 പേർ പങ്കെടുത്തിട്ടുണ്ട്.
- ജനകീയമായ പ്രവർത്തങ്ങൾ നടത്തുന്നതിന്റെ ഭാഗമായി 1355 സന്നദ്ധ പ്രവർത്തനങ്ങൾ ഫെബ്രുവരി മാസം നടന്നിട്ടുണ്ട്. മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിനുമായി ബന്ധപ്പെട്ടാണ് ഇതിൽ 1147 സന്നദ്ധ പ്രവർത്തങ്ങളും നടന്നിട്ടുള്ളത്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ഫെബ്രുവരി മാസത്തിൽ 33455 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 65219 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ഫെബ്രുവരി മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം ഫെബ്രുവരി 2025 | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സ്കീം / പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | നടന്ന യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | നടന്ന പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജന പ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| **മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| ഹരിത വിദ്യാലയം, ഹരിത കലാലയം | 179 | 259 | 397 | 505 | 1161 | 1 | 25 | 22 | 987 | 2342 | 23 | 3693 |
| ഹരിത ഓഫീസ് | 280 | 436 | 1013 | 699 | 2148 | 0 | 0 | 6 | 445 | 5217 | 36 | 5008 |
| ഹരിത ടൂറിസം | 71 | 159 | 236 | 183 | 578 | 0 | 0 | 3 | 149 | 3371 | 45 | 2080 |
| ഹരിത അയൽക്കൂട്ടം | 73 | 174 | 181 | 518 | 873 | 0 | 0 | 0 | 0 | 3123 | 247 | 13689 |
| ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾ | 293 | 805 | 915 | 1000 | 2720 | 0 | 0 | 0 | 0 | 4147 | 544 | 13439 |
| ഹരിത സഭ | 8 | 37 | 89 | 376 | 502 | 0 | 0 | 0 | 0 | 11 | 0 | 44 |
| ഹരിത ഗ്രന്ഥശാല | 98 | 122 | 573 | 1990 | 2595 | 7 | 773 | 0 | 0 | 751 | 20 | 407 |
| റെസിഡന്റ്സ് അസോസിയേഷൻ | 20 | 35 | 63 | 541 | 639 | 0 | 0 | 1 | 250 | 124 | 11 | 1466 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 56 | 210 | 337 | 327 | 874 | 0 | 0 | 2 | 62 | 2517 | 173 | 7800 |
| ഹരിത KSRTC | 7 | 6 | 41 | 18 | 65 | 0 | 0 | 0 | 0 | 43 | 6 | 158 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 25 | 82 | 168 | 294 | 544 | 0 | 0 | 1 | 56 | 88 | 14 | 3807 |
| മറ്റ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 249 | 913 | 2385 | 1549 | 4847 | 0 | 0 | 4 | 594 | 8603 | 28 | 12637 |
| **ജലസംരക്ഷണ പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| മാപത്തോൺ | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 15 | 455 | 0 | 88 |
| ജല ബജറ്റ് | 3 | 18 | 26 | 12 | 56 | 0 | 0 | 0 | 0 | 617 | 0 | 67 |
| നീരുറവ് | 9 | 98 | 92 | 103 | 293 | 1 | 100 | 0 | 0 | 116 | 0 | 46 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 25 | 0 | 498 | 90 | 588 | 0 | 0 | 0 | 0 | 548 | 0 | 0 |
| പാറക്വാറി പ്രവർത്തനങ്ങൾ | 2 | 8 | 14 | 3 | 25 | 0 | 0 | 0 | 0 | 25 | 0 | 3 |
| ജലഗുണനിലവാര ലാബ് | 24 | 38 | 107 | 26 | 171 | 0 | 0 | 0 | 0 | 157 | 0 | 218 |
| **കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| കാർഷിക പ്രവർത്തനങ്ങൾ | 13 | 56 | 95 | 72 | 223 | 0 | 0 | 0 | 0 | 121 | 0 | 102 |
| നെറ്റ്സീറോ കാർബൺ | 60 | 108 | 406 | 430 | 944 | 0 | 0 | 4 | 135 | 838 | 12 | 257 |
| പഞ്ചായത്ത്തല കോർഗ്രൂപ്പ് പ്രവർത്തനം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 9 | 0 | 21 |
| പച്ചത്തുരുത്ത് | 22 | 198 | 293 | 111 | 602 | 0 | 0 | 0 | 0 | 194 | 4 | 101 |
| തെങ്ങിന്-തടം മണ്ണിന് ജലം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4 | 192 | 0 |
| **മറ്റ് പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| തനതു പ്രവർത്തനം | 15 | 41 | 226 | 282 | 549 | 0 | 0 | 2 | 61 | 34 | 0 | 88 |
| കളക്ടറുടെ ജില്ലാ യോഗം | 8 | 88 | 275 | 48 | 411 | | | | | | | |
| ജില്ലാ മിഷൻ യോഗം | 0 | 0 | 0 | 0 | 0 | | | | | | | |
| തദ്ദേശ മിഷൻ യോഗം | 6 | 35 | 53 | 10 | 98 | | | | | | | |
| **ആകെ** | 1546 | 3926 | 8483 | 9187 | 21506 | 9 | 898 | 46 | 2754 | 33455 | 1355 | 65219 |